കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പഴയന്നൂർ ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി4)1111/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020
ഫോൺ: 0487 23331249
ഇമെയിൽ-dotsr.ksad@kerala.gov.in
തീയതി:30.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ(പി4)1111/2017 തിയ്യതി: 30.08.2017

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ

പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-10-2016 മുതൽ 24-07-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27-06-2017 മുതൽ 04-07-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.തുളസിദാസ്.വി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ബി.സുനിൽ | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.കെ.സി.സുനിൽകുമാർ | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.രാജിഷ.ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ശോഭന രാജൻ 01-04-2016 മുതൽ 31.03.17 വരെ | |
| സെക്രട്ടറി | ശ്രീ. എം.എ.ജെയ്. (അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ ചാർജ്ജ്) | 01-04-2016 മുതൽ 24-11-2016 വരെ |
| | ശ്രീ. ജോയ്.പി.ടി. സെക്രട്ടറി | 25-11-2016മുതൽ 30-12-2016 വരെ |

| | | |
|---|---|---|
| | ശ്രീമതി. മിനിചന്ദ്. ആർ, സെക്രട്ടറി | 31-12-2016 മുതൽ 31-03-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.അജി.ഐ. | 01.04.16 മുതൽ 03-08-16 വരെ |
| | ശ്രീ.ജോസഫ് ജോൺ തേറാട്ടിൽ | 04-08-16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കെ.ഹരികൃഷ്ണൻ | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ലക്ഷ്മി മോഹൻ. | 01-04-2016 മുതൽ 31-05-2016 വരെ |
| | ഡോ. സുധിൽ.ടി.ആർ. | 01-06-16മുതൽ 28-06-16 വരെ |
| | ഡോ. അജീഷ്. | 29-06-16മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.മഞ്ജുഷ മോഹൻ | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഡസിനി ഇഗ്നേഷ്യസ് | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.പ്രദീപ്.വി.എം. | 01-04-2016 മുതൽ 31-03-2017 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.പങ്കജം.യു. | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. - പഴയന്നൂർ സർക്കിൾ | ശ്രീ.അരുൺകുമാർ.പി.എ. | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. - ഏളനാട് സർക്കിൾ | ശ്രീ. ഗോപാലകൃഷ്ണൻ.വി. | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രതകുമാരി.ടി.കെ. | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജയ്.എ.എ. | 01-04-2016 മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.സുരേഷ് കുമാർ.ആർ. | 01-04-2016 മുതൽ 31-03-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | കോടത്തൂർ വ്യവസായ പാർക്കിനുള്ള സ്ഥലം സിഡ്കോയ്ക്ക് കൈമാറി- പഞ്ചായത്തിന് വരുമാനമൊന്നും ലഭിക്കുന്നില്ല- സിഡ്കോ ലക്ഷങ്ങൾ ഉണ്ടാക്കുന്നു. | 2-1 |
| 13 | ലൈവ് സ്റ്റോക്ക് ഫാം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ് | 2-2 |
| 14 | മൊബൈൽ ടവറുകൾ വസ്തുനികുതി അടവാക്കുന്നില്ല | 2-3 |
| 15 | അനേകം സ്ഥാപനങ്ങൾ ഡി &ഒ ലൈസൻസ് എടുക്കുന്നില്ല | 2-4 |
| 16 | ക്വാറി -ഡി &ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി | 2-5 |
| 17 | നിലം കമ്മിറ്റി -റവന്യു അധികാരികൾ ഉൾപ്പെട്ടിട്ടില്ല | 2-6 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റ് - നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 2-7 |
| 19 | കെട്ടിട നിർമ്മാണ അനുമതി- കാലതാമസം നേരിടുന്നു | 2-8 |
| 20 | വാടകയില്ലാതെ കെട്ടിടം പ്രവർത്തിക്കുന്നു | 2-9 |

| | | |
|---|---|---|
| 21 | രസീതി ബുക്കുകൾക്ക് ബുക്ക് നമ്പറില്ല | 2-10 |
| | ഭാഗം 3 | |
| 22 | വിവിധ ആവശ്യങ്ങൾക്കായി സ്ഥലം വാങ്ങൽ-സ്ഥല വില നിശ്ചയിച്ചതിൽ വീഴ്ച സംഭവിച്ചു-30,65,811/- രൂപയുടെ നഷ്ടം. | 3-1 |
| 23 | പ്രോജക്ട് നം.57/17- ഗാർഹിക ബയോഗ്യാസ് പ്ലാന്റ്-മാനദണ്ഡങ്ങൾ പാലിച്ചില്ല. | 3-2 |
| 24 | മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി-86,000/- രൂപയുടെ നഷ്ടം | 3-3 |
| 25 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കൽ-അപാകതകൾ | 3-4 |
| 26 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പശു,ആട് വളർത്തൽ പദ്ധതികളിൽ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം | 3-5 |
| 27 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ | 3-6 |
| 28 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 3-7 |
| 29 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 3-8 |
| 30 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 3-9 |
| 31 | അംഗനവാടികളുടെ ഭൗതിക സാഹചര്യം | 3-10 |
| 32 | പഞ്ചായത്ത് കമ്മറ്റി മിനിട്സ് മാസങ്ങൾക്ക് ശേഷവും എഴുതി പൂർത്തിയാക്കിയിട്ടില്ല | 3-11 |
| 33 | പി എച്ച് സി യിലേയ്ക്ക് മരുന്നുവാങ്ങൽ | 3-12 |
| 34 | ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങിയത്-77292/- രൂപ തിരികെ | 3-13 |

| | | |
|---|---|---|
| | ലഭിച്ചിട്ടില്ല. | |
| 35 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭ്യമായില്ല. | 3-14 |
| 36 | ആശ്രയ പദ്ധതി | 3-15 |
| 37 | തൊഴിലുറപ്പ് പദ്ധതി- അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകാത്ത പ്രവൃത്തികൾ കൂട്ടതലായി ഏറ്റെടുക്കുന്നു. | 3-16 |
| 38 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-17 |
| | ഭാഗം 4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം | 4-9 |
| 48 | അനുബന്ധം-1 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 09.06.2016 തിയ്യതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം ആകെ വരവ് 194584238 രൂപയും ആകെ ചെലവ് 192175249 രൂപയും ആണ്.

17.02.2017ലെ 1ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി. അതു പ്രകാരം വരവ് 225413377 രൂപയും ആകെ ചെലവ് 219666700 രൂപയും ആണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 19.06.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി ബാദ്ധ്യത വിവരങ്ങൾ പൂർണ്ണമായും വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ച ഇൻകം & എക്സ്പെൻഡീച്ചർ പത്രിക, രസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10100691 |
| വരവ് | 85612606 |
| ആകെ | 95713297 |
| ചെലവ് | 78672167 |
| നീക്കിയിരിപ്പ് | 17041130 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (40 b ) പ്രകാരം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17582749 | 17582749 | 17582749 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8150265 | 8150265 | 8150265 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 228594 | 228594 | 228594 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3222074 | 3222074 | 3222074 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1798310 | 1798310 | 1798310 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9001125 | 9001125 | 9001125 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4290276 | 4290276 | 4290276 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 57370115 | 57370115 | 57348965 | 21150 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 111738557 | 92 | 68225832 | 86 | 11 | 61.06 |

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 7882714 | 7682345 | 97.45 |
| വെറ്ററിനറി സർജൻ | 5 | 5 | 7794000 | 7775191 | 99.75 |
| മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 6 | 6 | 686000 | 643489 | 93.8 |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | 2 | 2 | 225000 | 224991 | 99.99 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 1 | 1027000 | 1000000 | 97.37 |
| വി.ഇ.ഒ | 10 | 4 | 21621360 | 10178425 | 47.07 |
| ഐ.സി .ഡി.എസ്.സൂപ്പർവൈസർ | 8 | 5 | 6834400 | 5552004 | 81.23 |
| സെക്രട്ടറി | 27 | 20 | 14943303 | 13290453 | 88.93 |
| ഹെഡ് മിസ്ട്രസ് | 2 | 1 | 170000 | 96000 | 56.47 |
| അസി.എഞ്ചിനിയർ | 103 | 30 | 39498928 | 14072880 | 35.62 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 1800000 | 1620700 | 90.03 |
| അസി.സെക്രട്ടറി | 16 | 12 | 9255852 | 6089354 | 65.78 |
| ആകെ | 189 | 92 | 111738557 | 68225832 | 61.06 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 37.36% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4317503 | 9819152 | 5501649 | (+)127.42 |
| നികുതിയേതര വരവുകൾ | 3748007 | 4444423 | 696416 | (+)18.58 |
| മറ്റുവരവുകൾ | 11626030 | 12785688 | 1159658 | 9.97 |
| ആകെ | 19691740 | 27049263 | 7357523 | 37.36 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 390000 | 210 |
| കർഷകതൊഴിലാളി പെൻഷൻ | 10177300 | 1115 |
| വിധവാപെൻഷൻ | 17700820 | 1594 |
| വാർദ്ധക്യകാലപെൻഷൻ | 26285800 | 2722 |
| വികലാംഗപെൻഷൻ | 4241545 | 456 |
| അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ | 2393850 | 227 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.07.2017 തീയതിയിൽ 3 pm- ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16572 /- (പതിനാറായിരത്തി അഞ്ഞൂറ്റി എഴുപത്തിരണ്ടു രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാനും രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വെക്കാനും ശ്രദ്ധിക്കേണ്ടതാണ്. മിനിറ്റ്സുകൾ സമയാനുസൃതമായി എഴുതി പൂർത്തികരിച്ചിട്ടില്ല. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആസ്തി രജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കി തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. തനതുവരുമാനം വർദ്ധിപ്പിക്കാൻ ബൈലോ തയ്യാറാക്കി പരസ്യനികുതി പിരിച്ചെടുക്കാനും നികുതി നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.2017 | 2017മാർച്ച് | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.12.12 മുതൽ 11.1.2013 വരെ | 2007-08 മുതൽ 2011-12 വരെ | 11.11.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കോടത്തൂർ വ്യവസായ പാർക്കിനുള്ള സ്ഥലം സിഡ്കോയ്ക്ക് കൈമാറി- പഞ്ചായത്തിന് വരുമാനമൊന്നും ലഭിക്കുന്നില്ല- സിഡ്കോ ലക്ഷങ്ങൾ ഉണ്ടാക്കുന്നു.

ആസ്തി രജിസ്റ്റർ പ്രകാരം (ആസ്തി നം 173800103700000000003) പഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്ന 5 ഏക്കർ 33 സെന്റ് സ്ഥലം വർഷങ്ങൾക്ക് മുൻപ് വ്യവസായങ്ങൾ തുടങ്ങുവാനായി പാട്ട വ്യവസ്ഥയിൽ സിഡ്കോയ്ക്ക് കൈമാറിയതായി പറയുന്നു (ഓഡിറ്റ് എൻക്വയറി നം.10/30.06.17 ന് നൽകിയ മറുപടി പ്രകാരം). എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ, സ്ഥലത്തിന്റെ ആധാരം, കരാർ എന്നിവയൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. സിഡ്കോ പാട്ടത്തുകയൊന്നും പഞ്ചായത്തിൽ അടവാക്കുന്നില്ല. കരാറിന്റെ അഭാവത്തിൽ എത്ര വർഷത്തേക്ക്, എത്ര തുകക്കാണ് കരാർ എന്നത് പരിശോധിക്കാനായില്ല.

പഞ്ചായത്ത് സിഡ്കോയ്ക്ക് കൈമാറിയ സ്ഥലം സിഡ്കോ മറ്റ് ചെറുകിട വ്യവസായങ്ങൾക്ക് വൻതുക ഈടാക്കി നല്കിയതായി കാണുന്നു. ഏകദേശം 20 ചെറുകിട വ്യവസായ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ സ്ഥലം മറിച്ച് കൊടുത്ത് സിഡ്കോ ലക്ഷങ്ങൾ ഉണ്ടാക്കുന്നു. അതേസമയം, ഈ സ്ഥലം വ്യവസായ സോണായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് ബിൽഡിംഗ് പെർമിറ്റ് എടുക്കുകയോ, കെട്ടിട നികുതി അടവാക്കുകയോ ചെയ്യുന്നില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളൊന്നും തന്നെ മേൽ സ്ഥാപനം ഹാജരാക്കിയിട്ടില്ല. ലക്ഷങ്ങൾ ചെലവഴിച്ച് മുൻ കാലങ്ങളിൽ വാങ്ങിയ സ്ഥലം സിഡ്കോയ്ക്ക് കൈമാറുകയും, അതേസമയം ഇപ്പോൾ ഭൂരഹിതരായവർക്ക് ഭൂമി നല്കുന്നതിനും, കളിസ്ഥലത്തിനുമായി സ്ഥലം വാങ്ങുകയും ചെയ്യുന്നു.

ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ട് വരുന്നതോടൊപ്പം വസ്തുവിന്റെ ആധാരവും സിഡ്കോയുമായുള്ള കരാറും മറ്റ് രേഖകളും കണ്ടെത്തേണ്ടതും തുടർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-2 ലൈവ് സ്റ്റോക്ക് ഫാം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്

2016-17 വർഷത്തിൽ D&O ലൈസൻസ് നല്കിയ താഴെ പറയുന്ന ലൈസൻസികൾക്ക് സർക്കാർ ഉത്തരവ് നമ്പർ 101/2012 ത.സ്വ.ഭ.വ തിയ്യതി 13.4.2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നം-3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

2016-17 ൽ പുതിയ കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ച താഴെ പറയുന്നവർ ഡി &ഒ ലൈസൻസ് എടുക്കാത്തതായി കാണുന്നു.

വിശദവിവരം താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിട നം |
|---|---|---|
| അവിരപൈലി,എളനാട് | 186m$^2$ | 11/205A |
| ജോസഫ് .പി.കെ s/o കുര്യൻ | 240m$^2$ | 11/11A |

| | | |
|---|---|---|
| ബിന്ദു.കെ.ജോർജ് എളനാട് | 239m$^2$ | 15/300A |

മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ച 2015-16 ൽ വസ്തു നികുതി നിർണ്ണയിച്ച താഴെ പറയുന്ന ഫാമുകൾക്ക് 2016-17 സാമ്പത്തിക വർഷം ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് നൽകിയതായി കാണുന്നില്ല.

| കെട്ടിട ഉടമ | കെട്ടിടനം |
|---|---|
| ജലജ.വി,D/o വാസുദേവൻ,കുമ്പളക്കോട് | 232 |
| കമലം,W/o വാസുദേവൻ,കുമ്പളക്കോട് | 233 |
| ചാത്തുണ്ണി,,കൊട്ടേക്കാട്ടിൽ,105m$^2$ | XII/177B |
| രുഗ്മണി, വെള്ളക്കുട്ടി മുതൽപേർ, 204m$^2$ | XI/246A |
| ചാക്കോജോസ്,കുഴിമറ്റത്തിൽ,79m2 | XX/181A |
| കമലം, മല്ലംപാറ,128m$^2$ | XVIII/248A |
| -do-, 110m$^2$ | XVIII/248B |

2016-17 സാമ്പത്തിക വർഷം പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ബിൽഡിംങ്ങ് പെർമിറ്റ് എടുത്ത താഴെ പറയുന്ന കെട്ടിടങ്ങൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| കെട്ടിട നം | ഉടമസ്ഥന്റെ പേരു വിവരം | വിസ്തീർണ്ണം |
|---|---|---|
| 1271/1 | ആന്റണി ജോസഫ് | 139m$^2$ |
| 79/7 | ജിജോ ജോസഫ്, വെള്ളാർക്കുളം | 94m$^2$ |
| Elanad | ജിജി മാർവെൽ ,വെള്ളാർപ്പിള്ളി | 458m$^2$ |

മൃഗസംരക്ഷണം, കൃഷി എന്നീ മേഖലകൾക്ക് പ്രധാന്യമുള്ള പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ, നിലവിൽ പ്രവർത്തിക്കുന്ന ഫാമുകൾക്കും, 2016-17 സാമ്പത്തിക വർഷം പുതുതായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കോഴി/ആട് ഫാമുകൾക്കും, 2015-16 സാമ്പത്തിക വർഷം കെട്ടിട നം അനുവദിച്ച പൗൾട്ടി ഫാമുകൾക്കും ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ പ്രകാരം മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടപ്രകാരം എടുത്ത് പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധനാവിധേയമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകൾ വസ്തുനികുതി അടവാക്കുന്നില്ല

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകൾ 2013-14 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി അടക്കുന്നതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | വിസ്തീർണ്ണം | വാർഡ്/കെട്ടിട നം | കുടിശ്ശിക വിവരം |
|---|---|---|---|---|
| 1 | റെജി കണക്കുകുന്നേൽ,കുനത്തറ | 15m$^2$ | 4/255 | 2013-14,2014-15, 2015-16, 2016-17, 2017-18 |
| 2 | സാജു ജോസഫ് മാളിയേക്കൽ | 20m$^2$ | 4/536 | 2013-14,2014-15, 2015-16, 2016-17, 2017-18 |
| 3 | മാനേജർ, എയർസെൽ ഡിഷ്നെറ്റ് വയർലസ് ലിമിറ്റഡ് | 20m$^2$ | 4/598 | 2013-14,2014-15, 2015-16, 2016-17, 2017-18 |
| 4 | ഇൻഡസ് ടവേഴ്സ് പാലാരിവട്ടം | 15m$^2$ | 4/807 | 2013-14,2014-15, 2015-16, 2016-17, 2017-18 |
| 5 | ഇൻഡസ് ടവേഴ്സ് പാലാരിവട്ടം | 15m$^2$ | 5/656 | 2013-14,2014-15, , 2017-18 |
| 6 | ഇൻഡസ് ടവേഴ്സ് പാലാരിവട്ടം | 20m$^2$ | 14/455 | 2013-14,2014-15, 2015-16, 2016-17, 2017-18 |
| 7 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 20m$^2$ | 14/535 | 2011-12 ,2012-13,2013-14,2014-15, 2015-16, 2016-17, 2017-18 |
| 8 | സജി തോമസ് പരിത്തിക്കാട്ടിൽ | 10m$^2$ | 19/895 | 2013-14,2014-15, 2015-16, 2016-17, 2017-18 |
| 9 | ഇൻഡസ് ടവേഴ്സ് പാലാരിവട്ടം | 20m$^2$ | 21/655 | 2014-15, 2015-16, 2016-17, 2017-18 |
| 10 | ബി.എസ്.എൻ.എൽ | 15m$^2$ | 22/333 | 2013-14,2014-15, 2015-16, 2016-17, 2017-18 |

മേൽസൂചിപ്പിച്ച മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും ഈടാക്കാൻ സാധിക്കാതെ കാലഹരണപ്പെടുന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതുമാണ്.

## 2-4 അനേകം സ്ഥാപനങ്ങൾ ഡി &ഒ ലൈസൻസ് എടുക്കുന്നില്ല

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് രജിസ്റ്ററുകൾ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 22 വാർഡുകളിൽ

സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല. ഡി & ഒ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

1. പാരിഷ് ഹാൾ

2.മഹിമ ഓഡിറ്റോറിയം

3.വീസാൻ പാലസ്

4. ജ്യോതിർമയി കല്യാണ മണ്ഡപം

5. മേക്കാട്ടിൽ കല്യാണ മണ്ഡപം

6. രാജേശ്വരി മണ്ഡപം

7.റോയൽ സെവൻ റോസസ് സാന്റ് ആന്റ് ഗ്രാന്റ്സ്

8. സന്തോഷ് ഇൻഡസ്ട്രീസ്

9. പത്ര സ്ഥാപനങ്ങൾ

10. പി.എസ്.കോച്ചിംങ്ങ് സെന്ററുകൾ

11. കോടത്തൂർ വ്യവസായ പാർക്കിലുള്ള സ്ഥാപനങ്ങൾ

a) സിഡ്കോ ഇൻഡസ്ട്രീസ്

b) എക്സൽ എർത്തിംങ്ങ്സ്

c) ഫേബർ ഇൻഡസ്ട്രീസ്

d) യൂണിക്ക് പ്രൊഡക്ട്സ് (അലുമിനിയം ഫാബ്രിക്കേഷൻ)

e) സായികൃഷ്ണ ഇൻഡസ്ട്രീസ്

f)ചക്കലക്കൽ കെമിക്കൽസ്

g)SREE MATRI റബർ പ്രൊഡക്ട്

h) നിള അഗ്രോ ഇൻഡസ്ട്രീസ്

i)അൻസ ഇൻഡസ്ട്രീസ്

j) പി.എ.പ്ലാസ്റ്റിക്സ് പ്രൊഡക്ട്

k) ട്ടു സ്റ്റാർ പ്ലാസ്റ്റിക്സ്

l)കളർ മെറ്റൽ കോട്ട്സ്(പൗഡർ കോട്ടിംങ്ങ്)

m) റീനൂസ് സ്റ്റീൽ (Rinoos steel)

n) ഗ്രേസ്പേപ്പർ ബാഗ്

o)ബ്രദർ പൗഡർ കോട്ടിംങ്ങ്

മേൽ പറഞ്ഞവ കൂടാതെ എല്ലാ വാർഡുകളിലെയും സ്ഥാപനങ്ങളുടെ കണക്കെടുത്ത് ട്രൈഡേഴ്സ് രജിസ്റ്റർ പൂർത്തികരിക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 26 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255പ്രകാരം പഞ്ചായത്ത് ചട്ട ലംഘനത്തിന് പിഴ ശിക്ഷ നൽകേണ്ടതാണ്. ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് നിയമപരിരക്ഷ അർഹിക്കാത്ത കുറ്റമാണ്. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് അയച്ച് നിർബന്ധമായും ഡി & ഒ ലൈസൻസ് എടുത്ത് സ്ഥാപനം പ്രവർത്തിക്കാൻ അനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ക്വാറി -ഡി &ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി

2016-17 സാമ്പത്തിക വർഷം ക്വാറി ലൈസൻസ് എടുത്ത എ.ജി.മാധവൻ , നിള മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് ,വെള്ളപ്പാറ യിൽ നിന്ന് ഡി & ഒ ലൈസൻസ് ഫീ കുറവായാണ് ഈടാക്കി കാണുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് 2011 , സെക്ഷൻ 232 ,ചട്ടം 18 , പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്ര സാമാഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക 3 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാം. അതു പ്രകാരം XVIII/793 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന മെറ്റൽ ക്രഷറും അനുബന്ധകെട്ടിടത്തിലുമായി 1368HP വൈദ്യുതി യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. ആയതിന് പഞ്ചായത്ത് 4000/- രൂപയാണ് ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത്. പട്ടിക III പ്രകാരം 100HP കവിയുന്നതും 200HP കവിയാത്തതുമായ യന്ത്രത്തിൻറെ കുതിരശക്തി ഉപയോഗിക്കുന്നവരിൽ നിന്ന് ചുമത്താവുന്ന പരമാവധി ഫീ 2000 രൂപയും തുടർന്നുള്ള ഓരോ കുതിര ശക്തിക്കും 10 രൂപ വീതം ഈടാക്കേണ്ടതുമാണ്.

അതുപ്രകാരം 1368 hp യിൽ 200hp കവിയാത്തതിന് =2000/ രൂപ

തുടർന്നുള്ള ഓരോ 1168 hp ക്ക് 10 രൂപ പ്രകാരം = 11680

13680 /-

ആകെ ഈടാക്കേണ്ട 13680 രൂപയിൽ അടവാക്കിയ 4000/-രൂപ കഴിച്ച് ബാലൻസ് തുക9680/ രൂപ തനതു ഫണ്ടിലേക്ക് ഡി &ഒ ലൈസൻസ് ഫീ ഈനത്തിൽ ഈടാക്കാൻ ഓഡിറ്റ് എൻക്വയറി നം 9/30.06.2017പ്രകാരം നിർദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ രസീതി നം.117050102431,തീയതി 01.07.2017 ന് ടി തുക ഈടാക്കിയിട്ടുണ്ട്.

ഇവ കൂടാതെ ശ്രീ ടി.കെ മോഹനൻ,കൃഷ്ണ നിവാസ് ,ചീരക്കുഴി ഡാം ,വി.പി.ഗോവിന്ദൻകുട്ടി കൊണ്ടാഴി , അബ്ദുൾ ഖാദർ പഴയന്നൂർ എന്നിവരുടെ ഉടമസ്ഥതയിൽ നടത്തുന്ന കരിങ്കൽ ക്വാറി മെറ്റൽ ക്രഷർ എന്നിവയിൽ ഉപയോഗിക്കുന്ന യന്ത്രത്തിൻറെ കുതിരശക്തി അനുസരിച്ച് ഈടാക്കാൻ ഒരു പുനപരിശോധന നടത്താവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ടിൽ നിർദേശിക്കുന്ന പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 നിലം കമ്മിറ്റി -റവന്യൂ അധികാരികൾ ഉൾപ്പെട്ടിട്ടില്ല .

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ നിലംനികത്ത് ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി നൽകിയതുമായി ബന്ധപ്പെട്ട് നിലം കമ്മിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന തിയ്യതികളിൽ നടന്ന നിലം കമ്മിറ്റി മീറ്റീങ്ങിൽ റവന്യൂ അധികാരികൾ പങ്കെടുത്തതായി

കാണുന്നില്ല. 22.1.2011ലെ നം 4545/RA1/ത.സ്വ.ഭ.വ സർക്കുലർ 22.12.2016 ലെ നം 46848/p1 /2016/റവന്യൂ എന്നീ സർക്കുലറുകൾ അനുസരിച്ച് കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ , അസിസ്റ്റന്റ് എൻജിനിയർ എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിച്ച് മഹസ്സർ തയ്യാറാക്കേണ്ടതും വില്ലേജ് ഓഫീസർ ,കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചശേഷം കെട്ടിട നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്നതാണ്.എന്നാൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ താഴെപറയുന്ന തിയ്യതികളിൽ നടന്ന മീറ്റീങ്ങിന്റെ വിവരം താഴെകൊടുക്കുന്നു.

| നിലം കമ്മിറ്റി മീറ്റീംങ്ങ് നടന്ന തിയ്യതി | പങ്കെടുത്തവർ | കെട്ടിട നിമ്മാണത്തിന് അനുവാദം നൽകിയവരുടെ എണ്ണം |
|---|---|---|
| 13.02.2014 | സെക്രട്ടറി , അസിസ്റ്റന്റ് എൻജിനിയർ ,കൃഷി ഓഫീസർ | 8 |
| 25.04.2014 | -do- | 14 |
| 29.05.2014 | സെക്രട്ടറി, അസിസ്റ്റന്റ് എൻജിനിയർ എൽ.എസ്.ജി.ഡി, കൃഷി ഓഫീസർ | 15 |
| 24.09.2014 | സെക്രട്ടറി ,അസിസ്റ്റന്റ് എൻജിനിയർ | 13 |
| 6.11.14 | സെക്രട്ടറി ,അസിസ്റ്റന്റ് എൻജിനിയർ | 10 |
| 30.01.2015 | സെക്രട്ടറി ,അസിസ്റ്റന്റ് എൻജിനിയർ | 20 |

പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വടക്കേ തറ, എളനാട് , പഴയന്നൂർ എന്നിവിടങ്ങളിൽ വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ കൂടി മേൽ പറഞ്ഞ തിയ്യതികളിൽ നടന്ന നിലം കമ്മിറ്റി മീറ്റീംങ്ങിൽ നിർബന്ധമായും പങ്കെടുക്കേണ്ട റവന്യൂ അധികാരികളെ ഒഴിവാക്കി ഏകദേശം 70 പേർക്ക് നിലം ആയ ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി നൽകിയ നടപടി ക്രമ പ്രകാരമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 12/3.7.2017) നൽകിയ മറുപടിയിൽ റവന്യൂ അധികാരികൾമേൽ ദിവസങ്ങളിൽ ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിനാലാണ് നിലം കമ്മിറ്റിയിൽ ഹാജരാകാതിരുന്നതെന്നും പിന്നീട് അവർതന്നെ പരിശോധന നടത്തുകയും മഹസറിൽ രേഖപ്പെടുത്തുകയും ചെയ്തതിനുശേഷമാണ് കെട്ടിട നിർമ്മാണ അനുമതി നൽകിയെന്നുമാണ്

പറയുന്നത്. ഇത് സംബന്ധിച്ച് മഹസർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 കെട്ടിട നിർമ്മാണ പെർമിറ്റ് - നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ പെർമിറ്റ് നൽകുന്നതിന് മുമ്പ് മറ്റു വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങിയതായി കാണുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.08.2014 ലെ സർക്കുലർ നം.46871/RA-1/2014/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനു മുമ്പ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി മറ്റു പല വകുപ്പുകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയതിന് ശേഷം മാത്രമേ കെട്ടിട നിർമ്മാണ അനുമതി നൽകാവൂ എന്ന് നിർദ്ദേശിക്കുന്നു. പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം മറ്റു വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ലഭ്യമാകാതെ കെട്ടിട നിർമ്മാണ അനുമതി, NOC നൽകിയവക്ക് ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽഡിംങ്ങ് പെർമ്മിറ്റ് നൽകിയവരുടെ പേരു വിവരം |
|---|---|
| 1 | എം.ജി.മാധവൻ, നിള മെറ്റൽസ് (ഓഫീസ്, ഗൃഹം) |
| 2 | പ്രസ്റ്റീംങ്ങ് റോക്ക് പ്രൊഡക്ട്സ്, പഴയന്നൂർ, 1250$m^2$ |
| 3 | ആന്റണി ജോസഫ് പൗൾട്രി ഫാം (139.60$m^2$) |
| 4 | ജിജി മാന്വൽ, വെള്ളാർപ്പിള്ളി പൗൾട്രിഫാം (458.96$m^2$) |
| 5 | മുജീബ് റഹ്മാൻ എളനാട് (വാണിജ്യാവശ്യം) 1515$m^2$ |
| 6 | ഗവ. ഹൈസ്കൂൾ പഴയന്നൂർ വിദ്യഭ്യാസ കെട്ടിടം (344.25$m^2$ +344.25$m^2$) |

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പെർമിറ്റ് നൽകുന്നതിനുമുമ്പ് ലഭ്യമാക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വീഴ്ചയായി കാണുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതും വിശദവിവരം കെട്ടിട നിർമ്മാണ അനുമതിയിൽ രേഖപ്പെടുത്തേണ്ടതുമാണ്. മേൽ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 കെട്ടിട നിർമ്മാണ അനുമതി-കാലതാമസം നേരിടുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നത് സംബന്ധിച്ച് 16.12.2013 ലെ നം 73576/RA1/2013/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചയത്തിലെ നിലം കമ്മിറ്റി മീറ്റിംങ്ങ് മിനിറ്റ്സ് പരിശോധിച്ചതിൽ 17.12.2015 നുശേഷം നിലം കമ്മിറ്റി കൂടിയതായി കാണുന്നില്ല. അതിനുശേഷം 7.03.2017 നാണ് നിലംകമ്മിറ്റി മീറ്റീംങ്ങ് നടന്നിട്ടുള്ളത്. കെട്ടിട നിർമ്മാണ പെർമ്മിറ്റിനായി അപേക്ഷ നൽകിയ താഴെ പറയുന്നവർക്ക് 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമോ 23.12.2008 ലെ സർക്കുലർ നം 77049/RA1/08/ത.സ്വ.ഭ.വ ,22.1.2011 ലെ സർക്കാർ സർക്കുലർ നം 4545/RA1/ ത.സ്വ.ഭ.വ. സർക്കുലർ നം. 994733/RA1/16/ത.സ്വ.ഭ.വ അനുസരിച്ചും കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിച്ച് 300$m^2$ ന് താഴെയുള്ളവർക്ക് സ്വന്തമായി വീടില്ലാത്തവർക്കും നിലമായി രേഖപ്പെടുത്തിയ ഭൂമിയിൽ വീടിനു അനുമതി നൽകാമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലമായി റവന്യൂ രേഖകളുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാൻ കാല താമസം ഉണ്ടായതായി കാണുന്നു. ആയതിൻമേൽ തീരുമാനമെടുക്കാത്ത അപേക്ഷകൾക്ക് ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേരു വിവരം | സർവേ നം |
|---|---|---|
| 1 | അബ്ബാസ് s/o മൂസ | 1421/പഴയന്നൂർ |
| 2 | ഹംസ ചെമ്മാട്ടുകുളമ്പിൽ | 1431/3 |
| 3 | പ്രേമ ചന്ദ്രൻ കുന്നുകുഴിയിൽ | 1084/1 |
| 4 | ഫാത്തിമ ബീവി, കൂട്ടുപുര | 1246/1 |
| 5 | മഞ്ജു മനോഹരൻ | 1178/പഴയന്നൂർ |
| 6 | അലി കുമ്പനംപള്ളം | 630/15 |
| 7 | ഷജീന കല്ലേപ്പാടം | 432/7 |
| 8 | രാധകൃഷ്ണൻ ,കൊടക്കാട്(വാണിജ്യം) | 912/3 |
| 9 | വിജു എലിയാസ് ശ്രീകുമാർ തെക്കേത്തറ | 226/1 |
| 10 | രാജേഷ് ,എളനാട് | 308, 307/1 |
| 11 | ശരത് കുമാർ എളനാട് | 336/1 |
| 12 | ഷാജിത,പൊറ്റ | 243/പൊറ്റ |
| 13 | റസിയ.എൻ.കെ,പാറക്കൽ(വാണിജ്യം) | 1177/1 |
| 14 | പാത്തുമ്മ ബീവി എളനാട് | 175/1 |
| 15 | ജോർജ് എളനാട് | 81/എളനാട് |
| 16 | പ്രേമകുമാരൻ ആര്യൻപാടം | - |

| | | |
|---|---|---|
| 17 | ഷാജിത കല്ലേപ്പാടം | - |
| 18 | രവീന്ദ്രൻ നായർ -സ്കൂൾ ബിൽഡിംങ്ങ് (നിലം) | - |

മേൽ പറഞ്ഞവയിൽ 7 പേർ (ക്രമ നം.1 മുതൽ 6വരെ, ക്രമ നം 16)പഞ്ചായത്തിൽ അവസാനം കൂടിയ നിലം കമ്മിറ്റിയിൽ അടുത്ത കമ്മിറ്റിയിൽ തീരുമാനമെടുക്കാൻ മാറ്റിവെച്ചതാണ്. ബാക്കിയുള്ളവ പുതിയ അപേക്ഷകളാണ്. 07.03.2017 ന് നിലം കമ്മിറ്റി മീറ്റീംങ്ങ് കൂടിയിട്ടുണ്ടെങ്കിലും മിനിറ്റ്സ്, തീരുമാനം എന്നിവ ലഭ്യമല്ല. മേൽ സൂചിപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റിനു അപേക്ഷ നൽകിയിരിക്കുന്നത് അധികവും വാണിജ്യാവശ്യത്തിനുള്ളതാണ്. ആയതിനാൽ ഇത്തരം കെട്ടിട നിർമ്മാണത്തിനു പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച് പ്രാദേശിക പരിശോധ നടത്തേണ്ടതും വില്ലേജ്, കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സത്വര തീരുമാനമെടുക്കേണ്ടതുമാണ്.

## 2-9 വാടകയില്ലാതെ കെട്ടിടം പ്രവർത്തിക്കുന്നു

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വടക്കേത്തറയിൽ സ്ഥിതിചെയ്യുന്ന വനിത ഹോസ്റ്റൽ കെട്ടിടത്തിൽ നിലവിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. അതിനോടുചേർന്ന കെട്ടിടത്തിൽ KSEB പ്രവർത്തിക്കുന്നു. വാടകയില്ലാതെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്ന് വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ തനതു വരുമാനം കൂട്ടത്തക്കവിധത്തിൽ പഞ്ചായത്ത് നടപടിയെടുക്കേണ്ടതുമാണ്

## 2-10 രസീതി ബുക്കുകൾക്ക് ബുക്ക് നമ്പറില്ല

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന് 2016-17 സാമ്പത്തിക വർഷം ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭ്യമായ 100 പേജുകളുള്ള 10 രസീതു ബുക്കുകളിൽ സ്റ്റേഷനറി നം, രസീതുബുക്ക് നം, രസീതു പേജ് നം എന്നിവയില്ലാത്തതാണ് ലഭ്യമായിരിക്കുന്നത്. രശീതി നം. (പേജ്/ബുക്ക്) ഇല്ലാതെ തുക വസൂലാക്കുന്നത് പോരായ്മകൾ നിറഞ്ഞതും ആരോപണങ്ങൾ ഉണ്ടാവാൻ കാരണമാകുന്നതുമാണ്. അത്തരത്തിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് സെക്രട്ടറി തന്നെ ഉത്തരവാദിയായിരിക്കുന്നതാണ്. കുറ്റമറ്റരീതിയിൽ രസീതി പുസ്തകങ്ങൾ കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതും ആയതിന് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ ആവശ്യങ്ങൾക്കായി സ്ഥലം വാങ്ങൽ-സ്ഥല വില നിശ്ചയിച്ചതിൽ വീഴ്ച സംഭവിച്ചു- 30,65,811/- രൂപയുടെ

## നഷ്ടം.

ഭൂരഹിതരായ ജനറൽ, പട്ടികജാതി വിഭാഗക്കാർക്കായി ഭൂമി വാങ്ങൽ, കളി സ്ഥലത്തിനായി ഭൂമി വാങ്ങൽ എന്നീ പദ്ധതികൾക്കായി 2016-17 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോ.നം./ പേര് | വാങ്ങിയ ഭൂമിയുടെ വിസ്തൃതി | ചെലവ് തുക | ചെലവ് വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1. | 56/17-ഭൂരഹിതർക്കായി സ്ഥലം വാങ്ങൽ-ജനറൽ | 22 ആർ 66ച.മീ. | ഭൂമിക്ക്-20,16,000/-<br>സ്റ്റാമ്പ് പേപ്പർ-1,61,300/-<br>രജി.ഫീ.-40,390/-<br>എഴുത്ത്ഫീ.-7,700/- | ട്ര.ബിൽ നം.<br>41/29-3-17 Rs.12,98,310/-<br>നം.39/25-3-17 Rs.1,61,300/-<br>നം.40/27-3-17 Rs.40,390/-<br>Vr.No.21601382/28-3-17 Rs.7,25,390/- | സെക്രട്ടറി |
| 2. | 148/17-ഭൂരഹിതർക്കായി ഭൂമി-എസ്.സി. | 20 ആർ 23 ച.മീ. | ഭൂമിക്ക്-18,00,000/-<br>സ്റ്റാമ്പ് പേപ്പർ-1,44,000/-<br>രജി. ഫീ-36,060/-എഴുത്ത് ഫീ-7,700/- | ട്ര.ബിൽ നം.17/29-3-17 Rs.18,07,700/-<br>നം.13/25-3-17 Rs.1,44,000/-<br>നം.15/28-3-17 Rs.36,060/- | അസി. സെക്രട്ടറി |
| 3. | 155/17-കളി സ്ഥലം വാങ്ങൽ | 40 ആർ 47 ച.മീ. | ഭൂമിക്ക്-48,50,000/-<br>സ്റ്റാമ്പ് പേപ്പർ-3,88,000/-<br>രജി.ഫീ.-54,300/-എഴുത്ത് ഫീ.-7,700/- | ട്ര.ബിൽ നം.42/31-3-17 Rs.31,12,000/-<br>നം.39/28-3-17 Rs.3,88,000/-<br>Vr.No.21601396/29-3-17 Rs.17,02,940/-<br>Vr.No.21601381/28-3-17 Rs.97,060/- | സെക്രട്ടറി |
| | | ആകെ | 95,13,150/- | 95,13,150/- | |

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും ) ചട്ടങ്ങൾ 3(1) പ്രകാരം ഗ്രാമ പഞ്ചായത്ത് പൊതു ആവശ്യങ്ങൾക്കായി സ്ഥലം വാങ്ങുമ്പോൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇപ്രകാരം സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

7/1/2008 ലെ സ.ഉ. (എം.എസ്.) 9/2008/തസ്വഭവ ഉത്തരവ് പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഭൂമി ആവശ്യമുള്ള ത.സ്വ.ഭ. സ്ഥാപനങ്ങൾ താഴെ പറയുന്ന ഏതു രീതിയും അവലംബിക്കാമെന്ന് പറയുന്നു.

1.ആവശ്യമായ ഭൂമിയുടെ വിസ്തൃതി, സ്ഥാനം, തരം എന്നിവ വ്യക്തമാക്കി ഭൂമി വിൽക്കാൻ തയ്യാറുള്ളവർക്ക് ത.സ്വ.ഭ.സ്ഥാപനത്തെ സമീപിക്കാവുന്നതാണെന്ന് സൂചിപ്പിച്ചുകൊണ്ട് വ്യാപകമായ

പരസ്യം നല്കിക്കൊണ്ട്.

2. ഒരു തിരച്ചിൽ സമിതി രൂപീകരിച്ച് ആ സമിതിമുഖേന അനുയോജ്യമെന്ന് കാണുന്ന സ്ഥലത്തിന്റെ പട്ടിക തയ്യാറാക്കിക്കൊണ്ട്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടും സ്ഥലം കണ്ടെത്താം.

ഇതിൽ ഒന്നാമത്തെ രീതിയാണ് പഞ്ചായത്ത് അവലംബിച്ചത്. തുടർന്ന് തഹസിൽദാർ സ്ഥലവില നിശ്ചയിച്ചതിൽ ശ്രീ രാമദാസ് എന്നയാളുടെ സ്ഥലത്തിന് ഒരു ആറിന് 47109/-രൂപയും,ശ്രീ മാത്യൂ,കമ്മോടത്ത് എന്നയാളുടെ സ്ഥലത്തിന് ഒരു ആറിന് 60832/-രൂപയുമായിരുന്നു. മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലക്ക് ഭൂമി വിൽക്കാൻ ഉടമസ്ഥൻ തയ്യാറാകുന്നില്ലെങ്കിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയുടെ 30 ശതമാനം എന്ന പരിധിക്ക് വിധേയമായി നഷ്ടപരിഹാരമായി അധികം നല്കാവുന്നതാണ്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി പഞ്ചായത്ത് 89 ശതമാനം അധികം നല്കി ക്കൊണ്ട് ഭൂമി വാങ്ങാൻ ഐകകണ്ഠേന തീരുമാനിക്കുകയാണുണ്ടായത് ( 14/3/17 ലെ തീരുമാനം നം.2(4)(1)). പ്രസ്തുത മീറ്റിംഗിൽ നിലവിലുള്ള ഉത്തരവുകൾ പ്രകാരം പരമാവധി 30 ശതമാനം അധിക തുകയേ അനുവദിക്കാനാകൂ എന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചിരുന്നു. എന്നാൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. മുകളിൽ പറഞ്ഞ ഇടപാടിലൂടെ പഞ്ചായത്തിന് സംഭവിച്ച നഷ്ടം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോ.നം. | വാങ്ങിയ വില | 30% നഷ്ടപരിഹാരമടക്കം പരമാവധി അനുവദിക്കാവുന്ന തുക | വ്യത്യാസം |
|---|---|---|---|---|
| 1. | 56/17 | സെന്റിന് 36000/-നിരക്കിൽ 56 സെന്റിന് 20,16,000/- സ്റ്റാമ്പ് പേപ്പർ Rs.1,61,300/- | ആറിന് 47109/- രൂപ നിരക്കിൽ(സെന്റിന് ഏകദേശം 19057/-രൂപ)22.66 ആറിന് Rs.1387737/-(30%നഷ്ടപരിഹാരമടക്കം) സ്റ്റാമ്പ് പേപ്പർ-111100/- | 6,78,463/- |
| 2. | 148/17 | സെന്റിന് 36000/- നിരക്കിൽ 50 സെന്റിന്- 18,00,000/- സ്റ്റാമ്പ് പേപ്പർ- 1,44,000/- | ആറിന് 47109/- രൂപ നിരക്കിൽ 20.23 ആറിന്-1238920/-(30% നഷ്ട പരിഹാരമടക്കം) സ്റ്റാമ്പ് പേപ്പർ- 99200/- | 6,05,880/- |
| 3. | 155/17 | സെന്റിന് 48,500/- രൂപ നിരക്കിൽ 100 സെന്റിന് - 48,50,000/- സ്റ്റാമ്പ് പേപ്പർ- 3,88,000/- | ആറിന് 60832/- രൂപ നിരക്കിൽ (സെന്റിന് ഏകദേശം 24608/-) 40.47 ആറിന് Rs.3200432/- (30% നഷ്ട പരിഹാരമടക്കം) സ്റ്റാമ്പ് പേപ്പർ- 256100/- | 17,81,468/- |
| | | | ആകെ | 30,65,811/- |

പഞ്ചായത്ത് രാജ് ആക്ടിന് വിരുദ്ധമായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് ഇല്ലാതേയും, നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്ഥല വില നിശ്ചയിച്ചതിലൂടേയും വന്ന 30,65,811/- രൂപയുടെ നഷ്ടം, ആക്ടിൽ നിഷ്കർഷിച്ച പ്രകാരം

വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയോ, സർക്കാറിനെ അറിയിക്കുകയോ ചെയ്യാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ഈടാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/27-6-17) നല്കിയ മറുപടിയിൽ ഗവ. പ്ലീഡറിൽ നിന്നും ടൈറ്റിൽ ക്ലിയറൻസ് ലഭ്യമായത് 2017 മാർച്ച് മാസത്തിലാണെന്നും, ആയതിനാൽ ഡെപ്യൂട്ടി ഡയറക്ടറുടെ സർട്ടിഫിക്കറ്റിന് കാത്തുനിന്നാൽ തുക ചെലവഴിക്കാൻ സാധിക്കാതെ വരുമെന്നും കരുതിയാണ് സർട്ടിഫിക്കറ്റില്ലാതെതന്നെ സ്ഥലം വാങ്ങിയതെന്നുമാണ് അറിയിച്ചത്.

കൂടാതെ, തൃശ്ശൂർ ജില്ലാ കലക്ടർ അറിയിച്ചതുപ്രകാരം 1/1/2014 മുതൽ LARR Act,2013 നിലവിൽ വന്നതിനാൽ ലാന്റ് റവന്യൂ കമ്മീഷണറുടെ 20/5/14 ലെ സർക്കുലർ നം. എൻ.ആർ.സി.2/ 10002/2014 പ്രകാരം റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയുടെ 100% വരെ അധിക തുക അനുവദിക്കാമെന്നും, ഇതിലൊതുക്കിയാണ് ചെലവ് നടത്തിയതെന്നും, പഞ്ചായത്ത് സദുദ്ദേശ്യത്തോടെ ചെയ്തതാകയാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നുമാണ് അറിയിച്ചത്.

പ്രസ്തുത മറുപടിയിൽ പരാമർശിച്ച ലാന്റ് റവന്യൂ കമ്മീഷണറുടെ സർക്കുലർ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ടതാണെന്നും, പഞ്ചായത്ത് നടത്തിയത് ലാന്റ് അക്വിസിഷൻ അല്ലാത്തതിനാൽ ഇത് ബാധകമല്ല എന്നതിനാലും മറുപടി സ്വീകാര്യമല്ല.

## 3-2 പ്രോജക്ട് നം.57/17- ഗാർഹിക ബയോഗ്യാസ് പ്ലാന്റ്- മാനദണ്ഡങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ:സെക്രട്ടറി.

ട്രഷറി ബിൽ നം.29/14-3-17 Rs.1,25,000/-

ട്രഷറി ബിൽ നം. 30/14-3-17 Rs.1,49,950/-

ട്രഷറി ബിൽ നം. 43/31-3-17 Rs.2,53,800/-

വൌച്ചർ നം.21601267/10-3-17 Rs.91650/-

വൌച്ചർ 21601401/29-3-17 Rs.84600/-

മേൽ പദ്ധതിയിൻകീഴിൽ 75 ഗുണഭോക്താക്കൾക്കായി യൂണിറ്റൊന്നിന് 9400/- രൂപ (സബ്സിഡി-Rs.7050/-+ ഗു.വിഹിതം-Rs.2350/-) നിരക്കിൽ 705000/- രൂപ Innovative Fibre Products,Thrissur എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. 2016-17 വർഷത്തേക്കുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി. ഒ.(എം.എസ്.) 4/2016/ത.സ്വ.ഭ.വ. തീ.11/1/16) യൂണിറ്റ് കോസ്റ്റിന്റെ 50% തുക ശുചിത്വ മിഷൻ വിഹിതവും, 25% തുക ഗ്രാമ പഞ്ചായത്ത് വിഹിതവും,ബാക്കി 25% തുക ഗുണഭോക്തൃ വിഹിതവുമായിരിക്കണം. എന്നാൽ ശുചിത്വമിഷന് പ്ലാൻ അലൊക്കേഷൻ അപര്യാപ്തമായതിനാൽ ഫണ്ട് നല്കാൻ സാധിക്കില്ലെന്നും, ഈ തുക കൂടി പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്താമെന്നും ശുചിത്വ മിഷൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും (75%) പ്ലാൻ ഫണ്ടിൽനിന്നും അനുവദിക്കുകയാണുണ്ടായത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഇത്തരത്തിൽ അധിക തുക അനുവദിക്കാൻ സർക്കാരിൽ നിന്നും അനുമതി നേടിയിട്ടില്ല. അനുമതി ലഭ്യമാക്കാതെ നടത്തിയ ചെലവ് ക്രമപ്രകാരമുള്ള ചെലവായി അംഗീകരിക്കാനാവില്ല. ആയതിനാൽ അധിക ചെലവുതുക 352500/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-3** മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി-**86,000/-** രൂപയുടെ നഷ്ടം

പ്രോജക്ട് നം.213/17

അടങ്കൽ : 400000/-

ട്രഷറി ബിൽ നം.26/28-2-17 Rs.350000/-

" 27/28-2-17 Rs.50000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

മേൽ പദ്ധതിക്കായി ടെണ്ടർ സമർപ്പിച്ചവരുമായി നെഗോസിയേഷൻ നടത്തുകയും അതുപ്രകാരം താഴെ പറയുന്ന നിരക്കുകൾ ലഭിച്ചു

ഭാരത് ഇലക്ട്രിക്കൽസ് - 70475/Unit

കെൽട്രോൺ -78500/ " (നെഗോസിയേഷനിൽ പങ്കെടുത്തില്ല.)

നവഭാരത് - 98000/-

KSIE Ltd - 98000/- (നെഗോസിയേഷനിൽ പങ്കെടുത്തില്ല)

നെഗോസിയേഷൻ ചർച്ചയിൽ LED ബൾബുകൾ ഒഴിവാക്കാനും, പകരം 24W LED Street light double വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രിക്കൽസിന് വർക്ക് ഓർഡർ നല്കിയെന്നും എന്നാൽ മേൽ സ്ഥാപനം നെഗോസിയേഷൻ ചർച്ചയിൽ പറഞ്ഞിട്ടുള്ള 24W LED Street light double എന്ന ഐറ്റം തെറ്റായാണ് സാമ്പിൾ കാണിച്ചതെന്നും പകരം മറ്റൊരു സാമ്പിൾ കാണിച്ച് അനുവദിക്കണമെന്ന് അപേക്ഷിച്ചതായും, എന്നാൽ രണ്ടാമത് കാണിച്ച സാമ്പിൾ തീരെ മോശമായതിനാൽ മേൽ സ്ഥാപനത്തെ ഒഴിവാക്കാനും രണ്ടാമതായി കുറവ് രേഖപ്പെടുത്തിയ നവഭാരതിന് കരാർ നല്കുന്നതിനും 23/11/16 ലെ കമ്മറ്റി തീരുമാനിച്ചു. ഈ തീരുമാനത്തിൽ മിനി മാസ്റ്റിന് കെൽട്രോൺ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിലക്കുറവ് ഒരു മാനദണ്ഡമാക്കേണ്ടതില്ലെന്നും,സർവ്വീസിംഗ്, ക്വാളിറ്റി എന്നിവയിൽ നവഭാരതാണ് നല്ലതെന്ന് വിലയിരുത്തി നവഭാരതിന് കരാർ നല്കാൻ തീരുമാനിക്കുകയാണുമുണ്ടായത്.

മേൽ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ. തീ.8/11/10 (സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ) പ്രകാരം ടെണ്ടർ സമർപ്പിച്ചവരുമായി നെഗോസിയേഷൻ നടത്തുന്നത് ഉചിതമല്ല. അഥവാ പ്രത്യേക സാഹചര്യത്തിൽ നെഗോസിയേഷൻ നടത്തേണ്ടിവരുമ്പോൾ 3 സോഷ്യൽ ഓഡിറ്റ് കമ്മറ്റി അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതാണ്. ഇവിടെ ഇക്കാര്യം ഉറപ്പ് വരുത്തിയിട്ടില്ല.

2. നെഗോസിയേഷൻ ചർച്ചയിൽ സാധനങ്ങളുടെ സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തുന്നത് ഉചിതമല്ല, ക്രമപ്രകാരവുമല്ല.

3. ഒരു ടെക്നിക്കൽ അതോറിറ്റിയും ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. നെഗോസിയേഷനിൽ സാധനങ്ങളുടെ സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയതിനാലാണ് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രിക്കൽസിനെ ഒഴിവാക്കേണ്ടിവന്നത് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

5. മുകളിൽ പറഞ്ഞ കാരണങ്ങളാൽ KELTRON നെ ഒഴിവാക്കിയത് ന്യായീകരിക്കാവുന്നതല്ല. കെൽട്രോണിനെ ഒഴിവാക്കിയതിലൂടെ താഴെ പറയുംവിധം നഷ്ടം സംഭവിച്ചിട്ടുണ്ട്.

Invoice No. 77/14-2-17 പ്രകാരം

മിനി മാസ്റ്റ് 4 എണ്ണത്തിന് നല്കിയതുക :3,92,000/-

കെൽട്രോണിന്റെ നിരക്കിൽ

നല്കേണ്ടി വരുമായിരുന്ന തുക : 3,14,000/-

അധികം നല്കിയതുക : 78,000/-

മേൽ തുക നിർവ്വഹണ ഉദ്യോഗസ്ഥയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

കൂടാതെ, മേൽ പ്രോജക്റ്റിനായി ട്രഷറിയിൽനിന്നും 4,00,000/- രൂപ പിൻവലിച്ചതായി കാണുന്നു. എന്നാൽ മേൽ സ്ഥാപനത്തിന്റെ ബിൽ 3,92,000/- രൂപയുടേത് മാത്രമാണ്. അധികമായി പിൻവലിച്ച 8,000/- രൂപ ചെലവ് രേഖകളുടെ അഭാവത്തിൽ ഓഡിറ്റിൽ നിരാകരിക്കുന്നു.

ആകെ നിരാകരിക്കുന്ന തുക :Rs.86,000/-

# 3-4 <u>ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കൽ-അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

പ്രോജക്ട് നം. 157/17

നിർവ്വഹണ ഏജൻസി : IRTC മുണ്ടൂർ, പാലക്കാട്

ട്രഷറി ബിൽ നം. 35/25-3-17 Rs.10,00,000/-

ആസ്തി രജിസ്റ്റർ പ്രകാരം 2011 ൽ 5 ലക്ഷം രൂപ ചെലവഴിച്ച് പഞ്ചായത്ത് ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിരുന്നു. മേൽ പ്രോജക്ട് പ്രകാരവും, ഇതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മറ്റിയുടെ 14/3/17 ലെ 2(3)17 ാം നം തീരുമാന പ്രകാരവും നിലവിൽ പ്രവർത്തന രഹിതമായ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനായാണ് പ്രോജക്ടിൽ തുക വകയിരുത്തിയത്. എന്നാൽ IRTC യുമായി 23/3/17 ൽ ഉണ്ടാക്കിയ കരാർ പ്രകാരം പുതിയ Aerobic bin Compost plant സ്ഥാപിക്കുന്നതിനാണ് കരാർ നല്കിയിരിക്കുന്നത്. പ്രവർത്തന രഹിതമായ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള യാതൊരു പ്രവർത്തനവും കരാറിൽ പരാമർശിക്കുന്നില്ല. സൈറ്റ് പരിശോധനയിൽ പുതിയ പ്ലാന്റിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സ്ഥാപനം തുടങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവർത്തനരഹിതമായ പ്ലാന്റുകൊണ്ട് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്.

# 3-5 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പശു,ആട് വളർത്തൽ പദ്ധതികളിൽ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം

## 1) 49/17 കുടുംബശ്രീ പശുവളർത്തൽ

ബിൽ നമ്പർ:3/2016-17 തിയ്യതി:31-03-2017 തുക:₹10,00,000

ട്രഷറി ട്രാൻസാക്ഷൻ ഐ.ഡി.:16131200000003006

2) 50/17 കുടുംബശ്രീ ആടുവളർത്തൽ

ബിൽ നമ്പർ:4/2016-17 തിയ്യതി:31-03-2017 തുക:₹9,60,000

ട്രഷറി ട്രാൻസാക്ഷൻ ഐ.ഡി.:16131200000003007

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ, പ്രോജക്ട് നമ്പർ: 49/17 കുടുംബശ്രീ പശുവളർത്തൽ എന്ന പദ്ധതിയിൽ പത്ത് ജെ.എൽ.ജി. ഗ്രൂപ്പുകളിലായി അമ്പത് അംഗങ്ങൾക്ക്, പശു ഒന്നിന് 20,000 രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചുകൊണ്ട് അമ്പത് പശുവിനെയും, പ്രോജക്ട് നമ്പർ:50/17 കുടുംബശ്രീ ആടുവളർത്തൽ എന്ന പദ്ധതിയിൽ പതിനാറ് ജെ.എൽ.ജി. ഗ്രൂപ്പുകളിലായി എൺപത് അംഗങ്ങൾക്ക്, ആട് ഒന്നിന് 12,000/-രൂപനിരക്കിൽ 3ആട് ഉൾപ്പെടുന്ന യൂണിറ്റായി, 240 ആടിനെയും വിതരണം ചെയ്തിരിക്കുന്നു. എന്നാൽ ആയതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്നും, കുടുംബശ്രീ പശുവളർത്തൽ, കുടുംബശ്രീ ആടുവളർത്തൽ എന്നീ പദ്ധതികളുടെ ഗുണഭോക്താക്കളായ ജെ.എൽ.ജി ഗ്രൂപ്പിലെ അംഗങ്ങൾക്ക്, ഗുണഭോക്താക്കളുടെ അടുത്ത ബന്ധുക്കളും, ഗുണഭോക്താക്കൾ തന്നെയും പശുവിനെയും, ആടിനെയും വിറ്റതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

കുടുംബശ്രീ പശുവളർത്തൽ

പുതുമ ജെ.എൽ.ജി.

1) ശ്രീമതി.ശാന്ത w/o.മധുസൂദനൻ, ആനക്കിൽ വീട് എളനാട്, പുതുമ ജെ.എൽ.ജി ഗ്രൂപ്പിലെ അംഗവും, റേഷൻ കാർഡ് നമ്പർ:1842094688-ൽ 4-ാം നമ്പരിൽ ഉൾപ്പെട്ടയാളുമാണ്. പ്രസ്തുത ജെ.എൽ.ജി ഗ്രൂപ്പിന്, ശ്രീമതി.ശാന്തയുടെ ഭർത്താവും മേൽ പറഞ്ഞ കാർഡ് നമ്പരിൽ 3-ാം നമ്പരിൽ ഉൾപ്പെട്ടയാളുമായ ശ്രീ.മധുസൂദനൻ, ആനക്കല്ലിൽ വീട് എളനാട് എന്നവർ പശുവിനെ നല്കിയിരിക്കുന്നതായും ഫയലിൽ കാണുന്നു.

2)ശ്രീമതി.ബീവി w/o.അബ്ദുൾ റഹ്മാൻ, കുന്നത്ത് വീട് എളനാട്, പുതുമ ജെ.എൽ.ജി ഗ്രൂപ്പിലെ അംഗവും, റേഷൻ കാർഡ് നമ്പർ:1842094644-ൽ 2-ാം നമ്പരിൽ ഉൾപ്പെട്ടയാളുമാണ്. പ്രസ്തുത ജെ.എൽ.ജി ഗ്രൂപ്പിന്, ശ്രീമതി.ബീവിയുടെ ഭർത്താവും മേൽ പറഞ്ഞ കാർഡ് നമ്പരിൽ 1-ാം നമ്പരിൽ ഉൾപ്പെട്ടയാളുമായ ശ്രീ.അബ്ദുൾ റഹ്മാൻ, കുന്നത്ത് വീട് എളനാട് എന്നവർ പശുവിനെ നല്കിയിരിക്കുന്നതായും ഫയലിൽ കാണുന്നു.

കൃപ ജെ.എൽ.ജി.

3) ശ്രീമതി.വാഹിദ w/o.കബീർ പന്തലാംകുണ്ടിൽ, കുമ്പളക്കോട്, കൃപ ജെ.എൽ.ജി ഗ്രൂപ്പിലെ

അംഗവും, റേഷൻ കാർഡ് നമ്പർ:1842114536-ൽ 8-ാം നമ്പരിൽ ഉൾപ്പെട്ടയാളുമാണ്. പ്രസ്തുത ജെ.എൽ.ജി ഗ്രൂപ്പിന്, ശ്രീമതി.വാഹിദയുടെ ഭർത്താവും മേൽ പറഞ്ഞ കാർഡ് 2-ാം നമ്പരിൽ ഉൾപ്പെട്ടയാളുമായ ശ്രീ.കബീർ പന്തലാംകുണ്ടിൽ, കുമ്പളക്കോട് എന്നവർ പശുവിനെ നല്കിയിരിക്കുന്നു. കൂടാതെ ശ്രീ.കബീർ പന്തലാംകുണ്ടിൽ, കുമ്പളക്കോട് എന്നവർ പദ്ധതിയുടെ ഗുണഭോക്താക്കളായ ഐശ്വര്യ എന്ന ജെ.എൽ.ജി ഗ്രൂപ്പിനും രണ്ട്പശുക്കളെ നല്കിയിരിക്കുന്നതായും ഫയലിൽ കാണുന്നു.

കളംഭം ജെ.എൽ.ജി.

4) ശ്രീമതി.അനിത w/o.രവികുമാർ,തിരുത്തിപ്പിള്ളി വീട് കല്ലേപ്പാടം കളംഭം ജെ.എൽ.ജി ഗ്രൂപ്പിലെ അംഗവും, ടിയാരി പഴയന്നൂർ ഗ്രാമപഞ്ചായത്ത് വീട്ടുനമ്പർ:V/273-ൽ സ്ഥിരതാമസക്കാരിയാണെന്ന് 25-02-2017ന് പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും B3/1888 നമ്പർ സാക്ഷ്യപത്രവും അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കുടുംബത്തിന്റെ റേഷൻ കാർഡ് നമ്പർ:1842089023-ൽ ശ്രീമതി.അനിതയുടെ ഭർത്താവ് ശ്രീ.രവികുമാർ, തിരുത്തിപ്പിള്ളി വീട് കല്ലേപ്പാടം 8-ാം നമ്പരിൽ ഉൾപ്പെട്ടയാളുമാണ്. പ്രസ്തുത ജെ.എൽ.ജി ഗ്രൂപ്പിന്, മേൽ പറഞ്ഞ കാർഡ് നമ്പരിൽ ,9-ാം നമ്പരിൽഉൾപ്പെട്ടയാളായ ശ്രീ.വിമൽ, തിരുത്തിപ്പിള്ളി വീട് കല്ലേപ്പാടം എന്നവർ പശുവിനെ നല്കിയിരിക്കുന്നതായും ഫയലിൽ കാണുന്നു.

കുടുംബശ്രീ ആട്ടുവളർത്തൽ

സംഗമം ജെ.എൽ.ജി.

5)ശ്രീമതി.സുചിത്ര w/o.ശിവശങ്കരൻ തലപ്പറ്റക്കാട് വീട് എളനാട് , സംഗമം ജെ.എൽ.ജി ഗ്രൂപ്പിലെ അംഗവും,ടിയാരി പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ (വീട്ടുനമ്പർ:XIV/197-ൽ) സ്ഥിരതാമസക്കാരിയാണെന്ന് 18-02-2017ന് പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും B1/1757നമ്പർ സാക്ഷ്യപത്രവും അനുവദിച്ചിട്ടുള്ളതാണ്. അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന റേഷൻ കാർഡ് നമ്പർ:1842093955ആണ് ആയതിൽ ശ്രീമതി.സുചിത്രയുടെ ഭർത്താവ് ശിവശങ്കരൻ തലപ്പറ്റക്കാട് വീട് എളനാട് ഉൾപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത ജെ.എൽ.ജി ഗ്രൂപ്പിന്, ശ്രീമതി.സുചിത്രയുടെ ഭർത്താവും മേൽ പറഞ്ഞ കാർഡ് നമ്പരിൽ ഉൾപ്പെട്ടയാളുമായ ശ്രീ.ശിവശങ്കരൻ തലപ്പറ്റക്കാട് വീട് എളനാട് എന്നവർ ആടിനെ നല്കിയിരിക്കുന്നതായും ഫയലിൽ കാണുന്നു.

ജനപ്രിയ ജെ.എൽ.ജി. & സ്നേഹ ജെ.എൽ.ജി.

6) ശ്രീമതി.അനിറ്റ് w/o.ജോർജ്ജ് തടത്തിൽ വീട്, പഴയന്നൂർ (ആധാർ കാർഡ് നമ്പർ:209796785259) എന്നവർ സ്നേഹ ജെ.എൽ.ജി. ഗ്രൂപ്പിലെ അംഗവും,അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന റേഷൻ കാർഡ് നമ്പർ:1842154327-ൽ 2-ാം നമ്പരിൽഉൾപ്പെട്ടയാളുമാണ്. ശ്രീമതി.അനിറ്റ് പദ്ധതി പ്രകാരം മൂന്ന് ആട്ടുകളെ കൈപ്പറ്റിയിട്ടുള്ളയാളാണ്. ശ്രീമതി.അനിറ്റ് w/o.ജോർജ്ജ് തടത്തിൽ വീട്, പഴയന്നൂർ (ആധാർ കാർഡ് നമ്പർ:209796785259) എന്നവർ തന്നെ ജനപ്രിയ ജെ.എൽ.ജി. ഗ്രൂപ്പിലേയ്ക്ക് മൂന്ന് ആട്ടുകളെ വിറ്റതായും, ആയതിന്റെ വിലയായ ₹12,000/-കൈപ്പറ്റിയതായും ഫയലിൽ കാണുന്നു.

ഈ സാഹചര്യത്തിൽ ഓഡിറ്റിന്റെ ഇതു സംബന്ധിച്ച നിഗമനങ്ങൾ താഴെ ചേർക്കുന്നു.

a) മേൽ പറഞ്ഞതിൽ നിന്നും ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരെല്ലാം തന്നെ

അർഹരായ ഗുണഭോക്താക്കൾ തന്നെയാണോ എന്നതിൽ സംശയം ജനിക്കുന്നു. ആയതിനാൽ ഈ കാര്യത്തിൽ അന്വേഷണം നടത്തി അനർഹമായി ധനസഹായം കൈപ്പറ്റിയവരിൽ നിന്നു മേൽ തുക തിരിച്ചുപിടിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

b) പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക്, ബാങ്കിൽനിന്നും ധനസഹായം അനുവദിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാതതാണ്. 'ബാക്ക് എന്റ് സബ്സിഡി' എന്ന നിലയിൽ ബാങ്കുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതിയായതിനാൽ, ബാങ്കിൽനിന്നുമുള്ള രേഖകളുടെ അഭാവത്തിൽ വായ്പ കൈപ്പറ്റിയതു സംബന്ധിച്ച വസ്തുതകളും, കൃത്യതയും പരിശോധിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

c) മേൽ പറഞ്ഞ പശുവളർത്തൽ പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക്, ₹8,000/ ധനസഹായം അനുവദിക്കുന്നതിനായാണ് പർച്ചേയ്സ് കമ്മിറ്റി തീരുമാനിച്ചിരുന്നതായി ഫയലിൽ കാണുന്നു.

ആയതിന് വിരുദ്ധമായി ₹20,000/ ധനസഹായം അനുവദിച്ചതായി ഫയലിൽ കാണുന്നു. പർച്ചേസ് കമ്മിറ്റി പശുവളർത്തൽ, ആടുവളർത്തൽ എന്നീ പദ്ധതികളിൽ, പശു/ആട് എന്നിവയെ വാങ്ങുന്നതിന് പൊതുവായി ഒരു തീരുമാനം എടുക്കുക മാത്രമാണ് ഉണ്ടായിട്ടുള്ളത്. ആയതിൽ നിന്നും പ്രസ്തുത സമിതിയുടെ ഭാഗത്തുനിന്നും ഉരുക്കളെ വാങ്ങിയതിൽ പ്രത്യേകം ശ്രദ്ധ ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണ്. ഓരോ പശുവിന്റെയും, ആടിന്റെയും വിലനിർണ്ണയം നടത്തേണ്ടതായ ചുമതല പർച്ചേയ്സ് കമ്മിറ്റി നിറവേറ്റിയിട്ടില്ല എന്നു മനസ്സിലാകുന്നു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ രണ്ടു പദ്ധതികളിലായി ചെലവുചെയ്ത ₹19,00,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ:19 തിയ്യതി:05-07-2017)

## 3-6 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ

പ്രൊജക്ട് നമ്പർ S0002/2017

അടങ്കൽ 200000

ചെലവ് 200000

ബിൽ നമ്പർ- 1/2016-17 തിയ്യതി- 31-12-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹോമിയോ മെഡിക്കൽ ഓഫീസർ

2016-17 സാമ്പത്തിക വർഷത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 200000 രൂപ 1/2016-17 തിയ്യതി 31-12-2016 ബിൽ പ്രകാരം തുക മാറിയെടുക്കുകയും 230899/31-12-2016 നം ഡി.ഡി. പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയായിട്ടും 200000 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല. പദ്ധതിവർഷം നടപ്പാക്കേണ്ട പ്രോജക്ടുകൾ മരുന്ന് ലഭ്യമാക്കാത്തതിനാൽ നീണ്ടുപോകുന്നത് പദ്ധതി ലക്ഷ്യം നിർവ്വഹിക്കുന്നതിന് തടസ്സമാകുന്നുണ്ട്.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

3-7-1മാർഗ്ഗരേഖപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.₹12,28,244/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) 2016-17 വാർഷിക പദ്ധതി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ, 11-01-2016ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ: 4/2016/ തസ്വഭവ, അനുബന്ധം: 15 ഖണ്ഡിക 6-8-ൽ പറഞ്ഞിരിയ്ക്കുന്ന താഴെ പറയുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കാനുദ്ദേശിച്ചിരിയ്ക്കുന്ന പ്രോജക്ടുകളിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക്,ഈ കാര്യത്തിനായി പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സിൽ നിന്നോ ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത ആനുകൂല്യത്തിന് അർഹതയില്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരമുള്ള ആനുകൂല്യം ലഭ്യമായിട്ടില്ല എന്നു തെളിയിക്കുന്ന പട്ടികജാതി വികസന വകുപ്പിൽനിന്നുമുള്ള സാക്ഷ്യപത്രവും, ജാതി തെളിയിക്കുന്ന സാക്ഷ്യപത്രവും,പരിശോധനയ്ക്കായി ഹാജരാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിലെ ഗുണഭോക്താക്കളുടെ അപേക്ഷയോടോപ്പം ഹാജരാക്കിയിട്ടില്ലാത്തതാണ് .

| ക്രമ നം. | പ്രോജക്ട് | ട്രഷറി ബിൽ നമ്പർ/തിയ്യതി | തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 61/2017 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (ഫർണീച്ചർ) വാങ്ങിനല്കൽ | 8/2016-17 തിയ്യതി:10-03-2017 | 5,01,241/- | 217 |
| | | 16/2016-17 തിയ്യതി:28-03-17 | 1,95,522/ | |
| 2 | 65/2017 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങിനല്കൽ | 9/2016-17 തിയ്യതി:10-03-17 | 28,442/- | 9 |
| 3 | 62/17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങിനല്കൽ | 19/2016-17 തിയ്യതി: 31-03-2017 | 1,25,000 | 5 |
| 4 | 63/17 പ്രൊഫഷണൽ കോളേജിൽ പഠിയ്ക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ധനസഹായം | 3/2016-17 തിയ്യതി: 20-12-2016 | 50,000 | 2 |
| 5 | 60/2017 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ സൈക്കിൾ | 6/10-03-17 തിയ്യതി:10-03-17 | 3,20,237 | 51 |

| | | | | |
|---|---|---|---|---|
| | വാങ്ങിനല്കൽ | | | |
| 6 | 66/2017 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനല്കൽ | 7/10-03-2017<br>തിയ്യതി:10-03-17 | 7,800 | 3 |
| ആകെ | | | 1228244 | |

മേൽ രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ പ്രോജക്ടുകളിൽ ചെലവുചെയ്ത₹12,28,244/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-7-2) ഐ.ടി.ഐ.യിൽ പഠിയ്ക്കുന്ന വിദ്യാർത്ഥിയ്ക്ക്, പ്രൊഫഷണൽ കോളേജിൽ പഠിയ്ക്കുന്നവിദ്യാർത്ഥിയ്ക്കുള്ള ധനസഹായം അനുവദിച്ചു-₹25,000/- ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു

63/17 പ്രൊഫഷണൽ കോളേജിൽ പഠിയ്ക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം ഐ.ടി.ഐ.യിൽ പഠിയ്ക്കുന്ന വിദ്യാർത്ഥിയ്ക്ക്, കിഷോർ.വി.,s/o.വേലായുധൻ.സി. അനുഗ്രഹ, കുന്നത്തറ പഴയന്നൂർ (ഗവൺമെന്റ് ഇൻഡസ്ട്രിയൽ ട്രയനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മലയാലംപ്പുഴ, പാലക്കാട് ധനസഹായം അനുവദിച്ചിരിയ്ക്കുന്നു. 02-07-2009 തിയ്യതിലെ, പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ നിർണ്ണയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്(അച്ചടി) നമ്പർ:56/2009/പ.ജാ/പ.വി.വ പ്രകാരം ഐ.ടി.ഐ.കോഴ്സ്, പ്രൊഫഷണൽകോഴ്സിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ആയതിനാൽ സർക്കാർ ഉത്തരവിന്റെ വിരുദ്ധമായി ധനസഹായം അനുവദിച്ചത് ക്രമവിരുദ്ധമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമവിരുദ്ധമായി അനുവദിച്ച ₹25,000/-ടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

3-7-3) പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വാങ്ങിയ ഫർണീച്ചർ മുഴുവനായി വിതരണം ചെയ്തിട്ടില്ല – ₹89,852/-യുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

പ്രോജക്ട് നമ്പർ: 61/2017 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ(ഫർണീച്ചർ)വാങ്ങിനല്കൽ

ബിൽ നമ്പർ: 8/2016-17 തുക:₹5,01,241/-തിയ്യതി:10-03-17

ബിൽ നമ്പർ: 16/2016-17 തുക:₹1,95,522/-തിയ്യതി:28-03-17

പ്രോജക്ട് നമ്പർ: 65/2017 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങിനല്കൽ

ബിൽ നമ്പർ: 9/2016-17 തുക:₹28,444/-തിയ്യതി:10-03-17

മേൽ പറഞ്ഞ പ്രോജക്ടുപ്രകാരം ആകെ ₹7,25,207/- ചെലവഴിച്ചുകൊണ്ട് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഷൊർണ്ണൂരിൽ നിന്നും ഫർണീച്ചർ വാങ്ങി, ഗുണഭോക്തക്കളായ 217 പട്ടികജാതി വിദ്യാർത്ഥികൾക്കും, 9 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഫർണീച്ചർ വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം വാങ്ങിയ ഫർണീച്ചർ സ്റ്റോക്കിൽ എടുത്ത രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ ബില്ലിനോടൊപ്പം ഗുണഭോക്തക്കളായ

വിദ്യാർത്ഥികൾ ഫർണീച്ചർ കൈപ്പറ്റിയതായി കാണിച്ചുകൊണ്ട് ഒപ്പിട്ടിട്ടുള്ള പട്ടികമാത്രമാണുള്ളത്. ആയതു പരിശോധിച്ചതിൽ പദ്ധതിയുടെ ഗുണഭോക്താക്കളായ താഴെ പറയുന്ന വിദ്യാർത്ഥികൾ നാളിതുവരെയും കൈഒപ്പിട്ടു ഫർണീച്ചർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിന്റെ വരാന്തയിൽ മേശകൾ കൂട്ടിയിട്ടിരിക്കുന്നതായി കണാൻ കഴിഞ്ഞു. കൈപ്പറ്റാത്ത വിദ്യാർത്ഥികളുടെ പേരുവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | പ്രോജക്റ്റ് | ബിൽ നമ്പർ |
|---|---|---|---|
| 1 | സുരേഷ്.എം.വി. s/o.വാസു മാങ്കുളമ്പിൽ കോളനി,കല്ലംകുളം | 65/2017 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങിനല്കുകൽ | 9/2016-17 |
| 2 | ശാലിനി എം.സി. d/o.ചന്ദ്രൻ മാങ്കുളമ്പിൽ കോളനി, വെള്ളാർക്കുളം | -do- | -do- |
| 3 | സന്ദീപ്.എം.എസ്. s/o. ഷിബു,മാങ്കുളമ്പിൽ കോളനി, വെള്ളാർക്കുളം | -do- | -do- |
| 4 | ശബരിനാഥ്,s/o. രമേഷ് കണ്ണത്ത് പറമ്പിൽ പഴയന്നൂർ | 61/2017 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ(ഫർണീച്ചർ) വാങ്ങിനല്കൽ | 8/2016-17 |
| 5 | രഹിത്.കെ.s/o.കുമാരൻ, അച്ചാട്ടുപടി പഴയന്നൂർ | -do- | -do- |
| 6 | ധനീഷ്.ടി.സി.s/o.ചന്ദ്രൻ അണ്ടൻകാവിൽ, വെണ്ണൂർ | -do- | -do- |
| 7 | വിജീഷ്.സി.ആർ. s/o.രവിചന്ദ്രൻ.സി.ആർ. ചെറുപറമ്പിൽ, പൊട്ടൻക്കോട്, പഴയന്നൂർ | -do- | -do- |
| 8 | ശരത്ത്.കെ.യു. s/oഉണ്ണികൃഷ്ണൻ കല്ലംപറമ്പ്, വടക്കേത്തറ | -do- | -do- |
| 9 | ആതിര d/o.രാമൻകുട്ടി കുളത്തൊടി,ഏളനാട് | -do- | -do- |
| 10 | ഐശ്വര്യ.സി.എ.d/o.അറുമുഖൻ ചെറുശ്ശേരി പറമ്പിൽ, കുന്നത്തറ | -do- | -do- |
| 11 | സുദർശനd/o.സുരേഷ്ബാബു കാക്കരകുന്നേ, വടക്കേത്തറ | -do- | -do- |
| 12 | രാഗി.യു. d/o.ഉണ്ണികൃഷ്ണൻ കല്ലംപറമ്പ്കോളനി | -do- | -do- |
| 13 | കിരൺ മോഹൻ s/o.മോഹൻ തെക്കേതൊടി വെണ്ണൂർ | -do- | -do- |
| 14 | ശരത്ത്.കെ.യു.s/o.ഉണ്ണികൃഷ്ണൻ കല്ലംപറമ്പ്, വടക്കേത്തറ | -do- | -do- |
| 15 | ആതിര.കെ.ആർ. d/o.രാമൻകുട്ടി കുളത്തൊടി, ഏളനാട് | -do- | -do- |
| 16 | ജിതിൻ.കെ.ഡി.s/o.ദിവാകരൻ കണ്ടംപ്പുള്ളി കുമ്പളക്കോട് | -do- | -do- |
| 17 | ഗോപിക d/o.ഗോപി.സി. വില്ലേടത്തുപറമ്പ്,കോടത്തുകുന്ന് | -do- | -do- |

| | | | |
|---|---|---|---|
| 18 | ആതിര.ബി. s/oബാലകൃഷ്ണൻ പെരുമ്പാലപ്പറമ്പ് | -do- | -do- |
| 19 | ജിതിൻ.എൻ.എം. s/o.മണികണ്ഠൻ നെടിപറമ്പ്, വെണ്ണൂർ | -do- | -do- |
| 20 | രശ്മി d/o.രാധാകൃഷ്ണൻ പാറക്കോട്ടുപടി, കല്ലംപറമ്പ് | -do- | -do- |
| 21 | അനിത.പി.കെ. d/o.സെലവൻ പാട്ടിയത്തുകുന്നേപോട്ട, കുമ്പളക്കോട് | -do- | -do- |
| 22 | യദുകൃഷ്ണൻ s/o.കൃഷ്ണൻകുട്ടി തെക്കേതറയിൽ പഴയന്നൂർ | -do- | -do- |
| 23 | സഞ്ജയ് ലാൽ.എസ്. s/o.സുരേഷ്ബാബു, അച്ചാട്ടുപടി പുത്തിരിത്തറ | -do- | -do- |
| 24 | അനുശ്രീ.സി.ടി. d/o.ശാന്തകുമാർ അച്ചാട്ടുപ്പടി, ചീരക്കുഴി, പഴയന്നൂർ | -do- | -do- |
| 26 | നിധിൻ.ടി.കെ. s/o.കുട്ടൻ തെക്കേതിൽ വെണ്ണൂർ | -do- | -do- |
| 27 | ഭാവന.വി.d/o.വേണു കൈമാളേകുന്ന്, കൈതക്കോട് | -do- | -do- |
| 28 | പ്രവീൺ ചന്ദ്രൻ s/o.ചന്ദ്രൻ.കെ.സി. ഏളനാട് | -do- | 16/ 2016-17 |

സാമ്പത്തിക വർഷം കഴിഞ്ഞിട്ട് മൂന്ന് മാസം പിന്നിട്ടും ഫർണീച്ചർ വിതരണം ചെയ്തിട്ടില്ലാത്തതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 28 ഫർണീച്ചറിന്റെ കയറ്റിറക്കുകൂലിയുൾപ്പെട്ട വിലയായ, ₹89,852/- യുടെ ചെലവ് (3209 X 28) ഓഡിറ്റിൽ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ:22 തിയ്യതി:05-07-2017)

## 3-8 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

പ്രോജക്ട് നമ്പർ:162/17ഭവന നിർമ്മാണം (New)

ചെക്ക് നമ്പർ:1263274 തിയ്യതി:21-03-2017 ട്രഷറി സേവിംങ്ങ്സ് ബാങ്ക്

3-8-1)തനുജ w/o. ഷാഹുൽഹമീദ്, പാലപറമ്പിൽ വീട്, വട്ടപ്പാറ എന്ന ഗുണഭോക്താവിന് ₹20,000/- ഭവന നിർമ്മാണത്തിന് അനുവദിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ഭവനനിർമ്മാണത്തിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയ വെണ്ണൂർ വില്ലേജ് ഓഫീസർ അനുവദിച്ച കൈവശാവകാശ സർട്ടിഫിക്കറ്റിൽ (നമ്പർ:22562717 തിയ്യതി:11-01-2017) തനുജ w/o. ഷാഹുൽഹമീദ്, പാലപറമ്പിൽ വീട്, വട്ടപ്പാറ എന്നവർ, ഭവനനിർമ്മാണതിനുദ്ദേശിക്കുന്ന പ്രസ്തുത വില്ലേജിലെ 8-ാം നമ്പർ സർവ്വേ നമ്പറിലുള്ള 0.1416 ഹെക്ടർ ഭൂമി 'നിലം ' എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല ടി അപേക്ഷയോടൊപ്പം ഗ്രാമപഞ്ചായത്തിൽ നിന്നുമുള്ള കെട്ടിടനിർമ്മാണ പെർമിറ്റോ നിരാക്ഷേപസാക്ഷ്യപത്രമോ ഹാജരാക്കിയിട്ടുമില്ലാത്താണ്. ഈരേഖകൾ കൂടാതെ 'നിലം ' എന്ന വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥലത്ത് ഭവനനിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചത് ക്രമവിരുദ്ധമാണ്.

3-8-2)വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ കാനാറാ ബാങ്ക് പഴയന്നൂർ ശാഖയിൽ 4667101002227നമ്പർ അക്കൗണ്ടിൽ 22-05-2017 തിയ്യതിൽ ₹17,302/- നീക്കിയിരിപ്പുള്ളതാണ്. വ്യക്തിഗത ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് പദ്ധതിപണം ട്രാൻസ്ഫർ ചെയ്യുന്നതിനുദ്ദേശിച്ച് തുടങ്ങിയ അക്കൗണ്ടിൽ പണം ബാക്കിവന്നതിലുള്ള കാരണം അറിയിക്കേണ്ടതാണ്. ആയതിൽ ₹3,400/-, ₹9,400/- അക്കൗണ്ടിൽ തിരികെവന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടിതുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:18 തിയ്യതി:05-07-2017)

## 3-9 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

3-9-1)

പ്രോജക്ട് നമ്പർ:11/17 സമഗ്ര നെൽകൃഷി വികസനം

ബിൽ നമ്പർ: 2/2016-17 തുക:₹1,68,793/- തിയ്യതി:26-10-2016

ബിൽ നമ്പർ: 3/2016-17 തുക:₹7,83,551/- തിയ്യതി:30-12-2016

ബിൽ നമ്പർ: 4/2016-17 തുക:₹8,34,120/- തിയ്യതി:31-01-2017

മേൽ പദ്ധതിക്കുവേണ്ടി പാടശേഖര സമിതികൾക്ക് വിതരണം ചെയ്ത താഴെ പറയുന്ന വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

<table>
<tr><th></th><th>വിതരണം ചെയ്ത അളവ്</th><th>വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേര്</th><th>ബിൽ നമ്പർ/ തിയ്യതി</th><th>തുക</th></tr>
<tr><td>നെൽവിത്ത്</td><td>59,580 കിലോഗ്രാം</td><td>അഡീഷണൽ ഡയറക്ടർ,KSSDA, തൃശ്ശൂർ</td><td></td><td>8,34,120 (സബ്സിഡി സംഖ്യാ കിലോഗ്രാമിന് ₹14 പ്രകാരം )</td></tr>
<tr><td colspan="5">രാസവളം</td></tr>
<tr><td>ഫാക്ടംഫോസ്</td><td>59,287.5കിലോഗ്രാം</td><td rowspan="3">പഴയന്നൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്</td><td rowspan="2">362 തിയ്യതി: 30-09-2016</td><td rowspan="2">1,68,793(സബ്സിഡി സംഖ്യ)</td></tr>
<tr><td rowspan="2">യൂറിയ</td><td rowspan="2">50,550 കിലോഗ്രാം</td></tr>
<tr><td>721 തിയ്യതി:</td><td>7,29,237 (സബ്സിഡി</td></tr>
</table>

| | | | | |
|---|---|---|---|---|
| പൊട്ടാഷ് | 37,912.5കിലോഗ്രാം | | 22-12-2016 | സംഖ്യ) |
| രാസകീടനാശിനി | | | | |
| ഫെഡൊ | 530കിലോഗ്രാം | പഴയന്നൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 31 തിയ്യതി: 30-09-2016 | 54,314 (സബ്സിഡി സംഖ്യ) |
| കൊറോജൻ | 1500 മില്ലി ലിറ്റർ | | | |
| ആകെ | | | | 17,86,464 |

ചെലവു രേഖകൾ ഹാജരാക്കാത്തതിന്റെ അടിസ്ഥാനത്തിൽ ₹17,86,464/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-9-2)

പ്രോജക്റ്റ് നമ്പർ:16/17 സമഗ്ര പച്ചക്കറികൃഷി വികസനം

പദ്ധതി പ്രകാരം കർഷക സമിതികൾക്ക് വളം വിതരണംചെയ്ത വകയിൽ പഴയന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന് അനുവദിച്ച₹5,35,995/-യുടെ ബാങ്ക് കൈപ്പറ്റ് രശീതി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ:21 തിയ്യതി:05-07-2017)

# 3-10 അംഗനവാടികളുടെ ഭൗതിക സാഹചര്യം

പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം |
|---|---|---|
| 1 | പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളുടെ എണ്ണം | 38 |
| 2 | അംഗനവാടി കുട്ടികളുടെ എണ്ണം | 3057 |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 37 എണ്ണം ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ |
| | | ഒന്ന് ജില്ലാപഞ്ചായത്ത് കെട്ടിടത്തിൽ |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | ഇല്ല |

| | | |
|---|---|---|
| 5 | അംഗനവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചീനിയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 38 |
| 6 | ശൗച്യാലയങ്ങളുള്ളത് | 38 |
| 7 | ചുറ്റുമതിലുള്ളത് | 19 |
| 8 | വൈദ്യുതീകരിച്ചത് | 17 |
| 9 | വാട്ടർ കൺക്ഷനുള്ളത് | 38 |
| 10 | ധാന്യ സംഭരണിയുള്ളത് | 38 |
| 11 | എൽ.പി.ജി. കണക്ഷനുള്ളത് | 11 |
| 12 | ബേബി ഫ്രണ്ടിലിയായത് | - |

## 3-11 പഞ്ചായത്ത് കമ്മറ്റി മിനിട്സ് മാസങ്ങൾക്ക് ശേഷവും എഴുതി പൂർത്തിയാക്കിയിട്ടില്ല

കേരള പഞ്ചായത്തീരാജ് (പഞ്ചായത്ത് യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(1) മുതൽ (10) പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസ്സാക്കിയ തീരുമാനങ്ങളുടേയും പ്രമേയങ്ങളുടേയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും, യോഗനടപടികളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷൻെറ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച്, ആവശ്യമായ തിരുത്തൽ വരുത്തി അദ്ധ്യക്ഷൻ , സെക്രട്ടറിയ്ക്ക് തിരികെ നല്കേണ്ടതും, സെക്രട്ടറി ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷൻെറ ഒപ്പ് വാങ്ങേണ്ടതുമാണ്. എന്നാൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 2017-ഫെബ്രുവരി, 2017-മാർച്ച് മാസങ്ങളിലെ മിനിട്സ് ക്രമപ്രകാരം മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയോ, അദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നല്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ:7 തിയ്യതി:30-06-2017) മിനിട്സ് ബുക്ക് എത്രയും വേഗം എഴുതി പൂർത്തികരിച്ച് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചത്. മിനിട്സ് ബുക്ക് എത്രയും വേഗം എഴുതിപൂർത്തീകരിച്ച് മേലൊപ്പ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-12 പി എച്ച് സിയിലേയ്ക്ക് മരുന്നുവാങ്ങൽ

പ്രൊജക്ട് നമ്പർ S0002/2017

അടങ്കൽ 100000

ചെലവ് 100000

ബിൽ നമ്പർ 1/2016-17 തിയ്യതി 31-12-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ,പി എച്ച് സി

2016-17 സാമ്പത്തിക വർഷത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ പി എച്ച് സി യിലേയ്ക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 100000 രൂപ ട്രഷറി ചെക്ക് 1263253തിയ്യതി 13-01-2017ബിൽ പ്രകാരം തുക പിൻവലിക്കുകയും 230939/13-01-2017നം ഡി ഡി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്,തിരുവനന്തപുരം ന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും 100000 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങിയത്-77292/- രൂപ തിരികെ ലഭിച്ചിട്ടില്ല.

2016-17 വർഷത്തെ മരാമത്ത് പ്രവൃത്തികൾക്കായി ബിറ്റുമിൻ വാങ്ങുന്നതിലേക്കായി HPCL ന് 23,24,500/- രൂപയും, RS1,SS1 എമൽഷൻ വാങ്ങുന്നതിനായി Hindustan Colas Private Ltd എന്ന സ്ഥാപനത്തിന് 11,48,156/- രൂപയും നല്കിയിരുന്നു. ഇതിലേക്ക് നാളിതുവരേയായി 22,49,981.33 രൂപയുടെ ബിറ്റുമിനും, 11,45,382/- രൂപയുടെ എമൽഷനുമാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ബാക്കി തുകയായ 77292.67 രൂപ മേൽ സ്ഥാപനങ്ങളിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. ആയത് അടുത്ത ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്യുകയോ, തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയോ ചെയ്യേണ്ടതാണ്.

## 3-14 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭ്യമായില്ല.

2015-16 വർഷം ഇ-ടെണ്ടർ ചെയ്ത 4 പ്രവൃത്തികൾ, 2016-17 വർഷം ഇ-ടെണ്ടർ ചെയ്ത 6 പ്രവൃത്തികൾ എന്നിവയ്ക്കായി ടെണ്ടർ ഫോം വില + വാറ്റ് ഇനത്തിൽ കരാറുകാർ അടവാക്കിയിട്ടുള്ള 40,445/- രൂപയിൽ ടെണ്ടർ ഫോമിന്റെ വില പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ആയത് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-15 ആശ്രയ പദ്ധതി

ആശ്രയ പദ്ധതി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ താഴെചേർക്കുന്നു.

| | ഇനം | ജനറൽ | | പട്ടിക വർഗ്ഗം | |
|---|---|---|---|---|---|
| | | 1st പ്രോജക്ട് | 2nd പ്രോജക്ട് | 1st പ്രോജക്ട് | 2nd |
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | ലഭ്യമാക്കിയില്ല | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | | 61 | 74 | 62 | - |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | | 10 | 7 | 6 | - |
| 4 | നാളിതുവരെ ലഭിച്ചവർ | | - | - | 1 | - |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | | 52 | 23 | 8 | - |
| 6 | നാളിതുവരെ ലഭിച്ചവർ | | 28 | 12 | - | - |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | | 40 | 67 | 56 | - |
| 8 | നാളിതുവരെ ലഭിച്ചവർ | | 35 | - | - | - |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | | - | 9 | 18 | - |
| 10 | നാളിതുവരെ ലഭിച്ചവർ | | - | - | - | - |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | | 5 | 16 | 1 | - |
| 12 | നാളിതുവരെ ലഭിച്ചവർ | | - | - | - | - |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ | | - | 4 | 2 | - |
| 14 | നാളിതുവരെ ലഭിച്ചവർ | | - | - | - | - |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | | 61 | 74 | 62 | - |
| 16 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | | 61 | 74 | 62 | - |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 43,50,000 | 39,13,050 | 12,02,352 | - |
| | | ചലഞ്ച് ഫണ്ട് | 10,00,000 | 15,00,000 | 5,10,940 | - |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 43,50,000 | 16,70,000 | 15,00,000 | - |
| | | ചലഞ്ച് ഫണ്ട് | 10,00,000 | 8,34,624 | ലഭ്യമാക്കിയില്ല | - |
| 19 | നീക്കിയിരിപ്പ് | പ്ലാൻ ഫണ്ട് | - | 22,43,050 | 10,52,352 | - |

| | | | | | | |
|---|---|---|---|---|---|---|
| | | ചലഞ്ച് ഫണ്ട് | - | 6,65,376 | - | - |
| 20 | ചെലവ് ശതമാനം | പ്ലാൻ ഫണ്ട് | 100% | 42.68 | - | - |
| | | ചലഞ്ച് ഫണ്ട് | 100% | 55.64 | - | - |

# 3-16 തൊഴിലുറപ്പ് പദ്ധതി- അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകാത്ത പ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകാത്ത റോഡ് കോൺക്രീറ്റിംഗ് പോലുള്ള പ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കാനുള്ള പ്രവണത കാണുന്നു. ഇത്തരം പ്രവൃത്തികളിൽ ആകെ പ്രവൃത്തിമൂല്യത്തിന്റെ കേവലം ഒന്നോ രണ്ടോ ശതമാനം മാത്രമാണ് അവിദഗ്ധ തൊഴിലാളികളികളുടെ കൂലിയിനത്തിൽ ചെലവഴിക്കുന്നത്. ഇത് തൊഴിലുറപ്പ് പദ്ധതിയുടെ അന്തസത്ത ഇല്ലാതാക്കുന്നതാണ്. ഒരു ഉദാഹരണം മാത്രം താഴെ ചേർക്കുന്നു.

<u>പ്രോ.നം.444-തെക്കേത്തറ അംഗനവാടി റോഡ് കോൺക്രീറ്റിംഗ്-വാർഡ് 19</u>

അടങ്കൽ : 500000/-

ആകെ ചെലവ് - 475630/-

അവിദഗ്ധ തൊഴിലാളികളികളുടെ കൂലിയിനത്തിൽ ചെലവ് - 6960/-(1.46%)

2016-17 വർഷം ഇത്തരത്തിൽ 16 പ്രവൃത്തികൾക്കായി 53,62,027 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾ തൊഴിൽ സൃഷ്ടിക്കുന്നില്ലെന്ന് മാത്രമല്ല, തൊഴിലുറപ്പ് പദ്ധതിയിലും കരാറുകാരുടെ കടന്നുകയറ്റം സൃഷ്ടിക്കുന്നു. മരാമത്ത് പ്രവൃത്തികളിൽ ഒരു വലിയ തുക കരാറുകാർക്ക് ടാക്സ് ഇനത്തിൽ ചെലവഴിക്കേണ്ടിവരുമ്പോൾ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ കാര്യമായി ടാക്സ് അടവാക്കേണ്ടി വരുന്നില്ല എന്നതും കരാറുകാർക്ക് അനുകൂല ഘടകമാണ്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടോ എന്നതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം സർക്കാരിൽനിന്നും ഉണ്ടാവേണ്ടതാണ്.

# 3-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2016-17 വർഷത്തെ മൊത്തം അടങ്കൽ | 5,73,70,115 |
| 2 | 2016-17 വർഷത്തെ മുൻ ബാക്കി | 0 |
| 3 | 2016-17 വർഷത്തെ ആകെ വരവ് | 15,03,066 |

| | | |
|---|---|---|
| 4 | 2016-17 വർഷത്തെ ആകെ ചെലവ് | 14,81,916 |
| 5 | 2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 21,150 |
| 6 | 2016-17 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | 2208 |
| 7 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 611 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 5772 |
| 9 | 2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | |

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 168658 | 4441 | 173099 |

| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 46916 | 1069 | 125114 | 173099 |

| | | |
|---|---|---|
| 11 | 2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 3204 |
| 12 | 2016-17 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ | 234 |

| | | |
|---|---|---|
| | കുടുംബങ്ങളുടെ എണ്ണം | |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | ഇല്ല |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം | 53202606 |
| 15 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | കിണർ, കുളംനിർമ്മാണം, റോഡ് കോൺക്രീറ്റ് |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 22 |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 27 | 3085658 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 30 | 1367808 |
| 3 | ചെറുകിട ജലസേചനം | 10 | 1575357 |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 433 | 18585700 |

| | | | |
|---|---|---|---|
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 53 | 11885627 |
| 6 | ഭൂവികസനം | 88 | 16699159 |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | - | 67170 |
| 8 | മറ്റുള്ളവ | 18 | 2772878 |
| 9 | ആകെ | 659 | 5603357 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,പഴയന്നൂർ | 2015-16 | 104000 | So98/17 പട്ടിക വർഗ്ഗ ആശ്രയ വിഹിതം | 104000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,പഴയന്നൂർ | 2016-17 | 52000 | So98/17 പട്ടിക വർഗ്ഗ ആശ്രയ വിഹിതം | 52000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,പഴയന്നൂർ | 2016-17 | 174807 | പ്രൊജക്ട് 2017-18 തയ്യാറാക്കുന്നു | 0 | 174807 |
| ബ്ലോക്ക് പഞ്ചായത്ത്,പഴയന്നൂർ | 2016-17 | 80000 | 15/17സമഗ്ര ക്ഷീര വികസനം | 7650 | 72350 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| IRTC, മുണ്ടൂർ | So 157/17 സോളിഡ് വേസ്റ്റ് പ്ലാന്റ് | 21601369 ,25.03.2017 | 1000000 | 0 | 1000000 | പൂർത്തിയായിട്ടില്ല |
| KSEB പഴയന്നൂർ | തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ | VINO 21201593 ,31.03.2013 | 196000 | 0 | 196000 | പൂർത്തിയായിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന നിർമ്മാണ പദ്ധതി വായ്പ | ജി.ഒ.(ആർ.ടി)800/2010 /ത.സ്വ.ഭ.വ, തിയ്യതി 09.03.2010 | 10862500 | 1974675 | 1086250 | - | 888425 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 565673 |
| തൻവർഷം നിക്ഷേപിച്ച തുക | 53739 |
| ആകെ | 619412 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 619412 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നം |
|---|---|---|
| സ്ഥിര നിക്ഷേപം തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് , പഴയന്നൂർ ശാഖ | 619412 | 183190/25.04.2006 |
| ജില്ലാ സഹകരണ സ്പിന്നിംങ്ങ് മിൽ വിരുപ്പാക്ക ,ഷെയർ | 1000 | 292/ തിയ്യതി 24.08.1992 |
| ആകെ | 620412 | |

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ താഴെ പറയുന്ന തുക ഈടാക്കിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തിയ്യതി |
|---|---|---|---|---|
| 2014-15 | 3.4 | 686 | ഡയറി ഫാം ഇൻസ്പക്ടർ | 11605108030/ 09.02.2017 |
| 2014-15 | 2.6.4 | 150 | സെക്രട്ടറി | 11605108052/ 10.2.2017 |
| 2014-15 | 2.6.1 | 450 | എം.വി.പ്രവീൺ | 11605108090/ 10.02.2017 |
| 2014-15 | 2.6.4.1 | 550 | സപ്ലൈക്കോ | 11605108175/ 15.02.2017 |
| 2014-15 | 2.6.4.1 | 160 | സപ്ലൈക്കോ (പലിശ) | 11605108173/ 15.02.2017 |
| 2014-15 | 2.6.4.2 | 5000 | ഹെഡ് മാസ്റ്റർ | 11605108687/ 28.02.2017 |
| 2014-15 | 2.6.4.3 | 150 | മിൽക്ക് സൊസൈറ്റി | 11605111010/ 23.03.2017 |
| 2014-15 | 3.7 | 409 | രാമൻകുട്ടി , സെക്രട്ടറി | 11605103477/ 05.04.2017 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | പ്രവർത്തനാവലോകന റിപ്പോർട്ട്-ജലസ്രോതസ്സുകൾ, കുടിവെള്ള പദ്ധതികൾ | 2013-14 | 5.1.54 | പ്രവർത്തനക്ഷമമല്ലാത്ത പൊതു കിണറുകൾ സംബന്ധിച്ച് | അപാകത പരിഹരിക്കാൻ നടപടി |

| | | | | | |
|---|---|---|---|---|---|
| | എൽ.എഫ്.ടി.എസ്.1-174/14/ 30.1.14 | | | | സ്വീകരിച്ചുവരുന്നു ( വിശദീകരണം സമർപ്പിച്ചിട്ടുണ്ട്) |
| | | 2013-14 | 5.1.11 | പാറക്കുളം കുടിവെള്ള പദ്ധതി-സാധ്യതാ പഠനം നടത്താതെ കുഴൽകിണർ നിർമ്മിച്ചു | |
| | | 2013-14 | 5.1.5.13 | 15 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85612606 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78672167 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3254091 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5937828 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7-2 | - | 25,000 | എ.എ.ജയ് ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-7-3 | - | 89,852 | എ.എ.ജയ് ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-1 | - | 30,65,811 | ശ്രീമതി.മിനിചന്ദ്.ആർ (സെക്രട്ടറി -2459931) ശ്രീ.ജയ്.എ.എ (അസിസ്റ്റന്റ് സെക്രട്ടറി -605880) |

| | | | |
|---|---|---|---|
| 3-3 | - | 86,000 | ശ്രീമതി.മിനിചന്ദ്.ആർ,സെക്രട്ടറി |
| | ആകെ | 32,54,091 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1900000 | പ്രദീപ്.വി.എം ,വെറ്റിനറി സർജൻ |
| 3-7-1 | 1228244 | എ.എ.ജയ് ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-9-1 | 1921089 | ജോസഫ് ജോൺ തെറാട്ടിൽ,കൃഷി ഓഫീസർ |
| 3-9-2 | 535995 | ജോസഫ് ജോൺ തെറാട്ടിൽ,കൃഷി ഓഫീസർ |
| 3-2 | 352500 | ശ്രീമതി.മിനിചന്ദ്.ആർ ,സെക്രട്ടറി |
| ആകെ | 5937828 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.എ.ജയ് ,അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ,കീഴുപറമ്പ് ഗ്രാമ പഞ്ചായത്ത്,മലപ്പുറം | മുളയംകൂടത്ത്, ഉത്രാടം ,കുറുമല,ചേലക്കര |
| ശ്രീമതി.മിനിചന്ദ്.ആർ സെക്രട്ടറി | | |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| | കത്തിടപാടിന്റെ വിവരം |
|---|---|
| 77-78 | എൽ.എഫ്.ടി.എസ്.2-906/11 /18.7.11 |
| 80-81 | ടി |
| 81-82 | ടി |
| 82-83 | ടി |
| 83-84 | ടി |
| 84-85 | ടി |
| 86-87& 87-88 | ടി |
| 88-89 | |
| 89-90 | ടി |
| 99-00 മുതൽ 01-02 വരെ (പ്ലാൻ) | എൽ.എഫ്.ടി.10/1079 /2003.തീ.9.4.04/14.9.04 |
| 90-91 മുതൽ 95-96 വരെ | എൽ.എഫ്.ടി.പി.10/304 /2008.തീ.9.7.09 |
| 96-97 ചെലവ് | |
| 97-98 ചെലവ് | |
| 97-98 വരവ് | |
| 98-99 വരവ് | എൽ.എഫ്.ടി.പി-4/185തീ.13.3.14 /5.4.14 |
| 98-99 ചെലവ് | |
| 99-2000, 2000-2001 ( ജനകീയാസൂത്രണം | |
| 99-2000 | |
| 2000-2001 | |
| 2001-02 | |
| 98-99 | എൽ.എഫ്.ടി.പി.10-307/08 തീ.14.7.09 |

| | |
|---|---|
| 99-2000 | എൽ.എഫ്.ടി.പി.10-308/08<br>തീ.14.7.09 |
| 2000-2001 | എൽ.എഫ്.ടി.പി.10-309/08<br>തീ.14.7.09 |
| 2001-2002 | |
| 2002-2003 | എൽ.എഫ്.ടി.പി.10-1265/08<br>തീ.7.9.09 |
| 2003-2004 | എൽ.എഫ്.ടി.പി.10-1266/08<br>തീ.7.9.09 |
| 2004-05 | എൽ.എഫ്.ടി.പി.10-195/09<br>തീ.25.6.10 |
| 2005-06 | എൽ.എഫ്.ടി.പി.10-1348/09<br>തീ.28.7.10 |
| 2006-2007 | എൽ.എഫ്.ടി.പി.10-1336/09<br>തി.29.7.10/10.12.10 |
| 2007-08 | എൽ.എഫ്.ടി.പി.-4.956/12<br>തി.2.8.12/5/11/12 |
| 2008-2009 | എൽ.എഫ്.ടി.പി.4-957/12<br>തി.2.8.12/5/11/12 |
| 2009-2010 | എൽ.എഫ്.ടി.പി.4.958/12<br>തി.2.8.12/5/11/12 |
| 2010-2011 | എൽ.എഫ്.ടി.പി.4.959/12<br>തി.2.8.12/ 5/11/12 |
| 2011-12 | എൽ.എഫ്.ടി.പി.4.1151/13<br>തി.4.12.13/5.2.14 |
| 2012-13 | എൽ.എഫ്.ടി.പി.4.631/14<br>തി.8.10.14/8.12.14 |
| 2013-14 | നം. എൽ.എഫ്.ടി. (പി4)186/15 തി,<br>7-5-2015 |
| 2014-15 | നം.കെ.എസ്.എ.ടി.എസ്.ആർ/<br>പി4/996/ 16,25.06.2016 |
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ/<br>പി4/1934/16,<br>തീ.5.11.16/5.12.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)1111/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
തിയ്യതി : 30.08.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P4)1111/2017

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN – 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Dated: 30.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pazhayanur Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pazhayanur Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.